
ALUVA MONASTERY



# സ്മരണകളിലെ സതീർത്ഥ്യൻ

00096823

## സ്മരണിക കമ്മിറ്റി

ഫാ. സെബാസ്റ്റ്യൻ തെക്കേടം
ജോർജ് കൊമ്മറ്റം
ബിജു കൂട്ടപ്ളാക്കൽ
ജോൺസൺ പാലപ്പള്ളി
റ്റിജോ താന്നിക്കൽ

## ടൈപ്പ്സെറ്റിഗ്

സ്റ്റീഫൻ കൂള

## ലേ ഔട്ട്

ജോസ് മുണ്ടൻചിറയിൽ

ധർമ്മാരാം കോളേജ്
ബാഗ്ളൂർ - 29

Dharmaram College Library
Acc. No. 26893
Call. No.

## സ്മരണകളിലെ സതീർത്ഥ്യൻ



**ബ്ര. ചാക്കോ ഇരുപത്തിനാലിൽച്ചിറ**

ജനനം - 14.01.1972
വ്രതം - 19.03.1992
മരണം - 02.10.1996

DHARMARAM COLLEGE LIBRARY BANGALORE-29

Dharmaram College Library
Acc. No....96823........
Call. No...............................



# മുഖവുര

പ്രിയ സ്നേഹിതാ,

നീ ഒരു കുളിർത്തെന്നലായ് കടന്നുവന്ന്,
ഞങ്ങളുടെ ഹൃദയങ്ങളും കവർന്നെടുത്ത്,
കണ്ണുനീരിൽ ഞങ്ങളെ കുളിപ്പിച്ച്
ഒരു സ്വപ്നം പോല കടന്നു പോയി...
പക്ഷേ,
നീ ഞങ്ങളുടെ ഹൃദയങ്ങളിൽ
നിറച്ചുതന്ന സ്നേഹം, ഒളിമങ്ങാതെ,
കെടാവിളക്കുപോലെയിന്നും കത്തുന്നു.
നിൻെറ മധുരിക്കുന്ന ഓർമ്മകളുണർത്തുന്ന
തേങ്ങലുകൾ ഞങ്ങളുടെ മിഴിയിണകളെ
വീണ്ടും വീണ്ടും ഈറനണിയിക്കുന്നു.
നിൻെറ നിഷ്കളങ്കമായ മുഖം....
ഞങ്ങളുടെ നിദ്രയിൽ സുഷിരങ്ങളുണ്ടാക്കുന്നു.
വിസ്മൃതിയുടെ ക്രൂരമായ ഹസ്തങ്ങൾക്ക്,
നിന്നെ ഞങ്ങളിൽ നിന്ന് വേർപ്പെടുത്താനാവില്ല.
നീ ഇപ്പോഴും ഞങ്ങളുടെ ചാരെയുള്ളതുപോലെ....
പഠനമുറിയിലും, ഉല്ലാസമുറിയിലും, നിൻെറ
നിഷ്ക്കളങ്കമായ ചിരിയുടെ ചിറ്റോളങ്ങൾ
ഞങ്ങളുടെ കാതുകളിൽ വന്ന് നിറയുന്നതുപോലെ....
നിൻെറ മധുരിക്കുന്ന ഓർമ്മകൾക്ക്
ജീവൻ പകരുകയാണ് ഞങ്ങളിവിടെ,
എളിമയുടെ നിറകുടമായിരുന്ന നിനക്ക്
ഇഷ്ടപ്പെടില്ല, എന്നറിയാം, എങ്കിലും...

.....നിൻെറ പ്രിയ സ്നേഹിതന്മാർ.....
ധർമ്മാരാം

## സ്മരണകളിലെ സതീർത്ഥ്യൻ

താളുകളിൽ

We Part to Meet 4
സ്നേഹാഞ്ജലി 5
സ്മരണാഞ്ജലി 6
A Precious Gem 9
ചാക്കോ ജയന്തി സ്മരണകൾ 10
എന്നാലും കർത്താവല്ലേ 12
ലക്ഷ്യബോധത്തിൻെറ പ്രശാന്തത കളിയാടിയ മുഖം 13
Bro. Chacko's Vision of Prayer 14
മുഖാമുഖം 15
ഒരു തൂവൽ സ്പർശം 17
ചാക്കോച്ചൻ-ഒരോർമ്മക്കുറിപ്പ് 18
മരിക്കാത്ത ഓർമ്മകൾ 19
ഇല്ല മറക്കില്ലൊരുനാളും 20
Into Eternity 21
My Prayer Friend 22
നൊമ്പരങ്ങൾ 23
എൻെറ പ്രിയപ്പെട്ട ചാക്കപ്പൻ 24
ഓർമ്മക്കുറിപ്പ് 25
പ്രാർത്ഥനയുടെ മനുഷ്യൻ 25
ചാക്കോയ്ക്ക് സ്നേഹപൂർവ്വം 27
എന്നും ജീവിക്കുന്ന ത്യാഗപുത്രൻ 28
സ്നേഹപ്രവാഹം 29
ഒരു ചെറുപുഷ്പം കൂടി 29
മറക്കാനാവാത്ത ഓർമ്മ 30
വിതുമ്പുന്ന ഓർമ്മകൾ 31
നന്ദി...... ഈ ചെറിയവരിൽ ഒരുവന് 32
ഓർമ്മയിൽ ഒരു വസന്തം 33
ഓർമ്മയുടെ പൂവിതളിലെ ഒരു തുഷാരബിന്ദു 33
ഇന്നും ജീവിയ്ക്കുന്ന ചാക്കോ 34
വാടാമലർ 35
ഒരു പുണ്യം 36
നേട്ടമാണിത് 36
കൂട്ടത്തിൽ നല്ലതാം പൂവിനെ 37
കുഞ്ഞാടുകളെ സ്നേഹിച്ച കുഞ്ഞുമാലാഖ 38
സ്വർഗ്ഗത്തിലേയ്ക്കൊരു കത്ത് 39

# WE PART TO MEET.......

Bro Chacko Irupathinalilchira died in harness while fulfilling a duty I entrusted to him as his Provincial. As usual he accepted this duty with a smile in his eyes. Little did I know then that it was a smile I would have to remember for the rest of my life with gratitude,love, pride and pain. After his death I started reading his personal diary. It was like reading the Little Flower's autobiography. The simplicity and honesty, the commitment to Jesus and his values, the love for his community of brothers and sisters, that one experience in those pages, will convince anyone that he was veritably the counterpart of the Little Flower in the CMI Congregation. We shall miss him for ever. His inspiration will accompany us till we all meet in the land of angels.

Farewell, Jameskutty!

Thomas P. Kalam.CMI
Provincial

Farewell
My Friends
I smile and
Bid you goodbye
No, shed no tears
For I need them not
All I need is your smile.
When you live in the hearts
Of those you love
Remember then....
You never die.

Gitanjali

# സ്നേഹാഞ്ജലി

"ഉടയവൻ തലോടി
അവനുറങ്ങി"

ബ്ര. ചാക്കോയുടെ മരണത്തെപ്പറ്റി ഓർക്കുമ്പോൾ, ആൽഫ്രഡ് ടെന്നിസൻെറ ഈ വാക്കുകൾ വീണ്ടും ഓർമ്മയിലെത്തുന്നു. പക്ഷേ, ഒന്നുകൂടി മനസ്സിലുദിച്ചു എന്തുകൊണ്ട് ഉടയവൻ ചാക്കോയെ തലോടി, എന്നെ തലോടിയില്ല?

ഈ ചിന്ത എൻെറ പഴയൊരദ്ധ്യാപകൻെറ ഓർമ്മ എന്നിലുണർത്തി. അദ്ദേഹം എല്ലാ ദിവസവും ക്ളാസിലെത്തിയാൽ ആദ്യം ചെയ്യുക തലേദിവസം പഠിപ്പിച്ച പാഠം എല്ലാവരെയും കൊണ്ട് വായിപ്പിക്കുക എന്നതാണ്. ഭംഗിയായി വായിക്കുന്നവനെക്കൊണ്ട് മുഴുവൻ വായിപ്പിക്കയില്ല. ഇരിക്കാൻ പറയും. വായന ശരിയാകുന്നില്ലെങ്കിൽ മുഴുവൻ വായിപ്പിക്കും. ചിലപ്പോൾ ഒന്നിലധികം പ്രാവശ്യം.

ബ്ര.ചാക്കോ ഈ ഒന്നാമത്തെ തരക്കാരനാണെന്ന് എനിക്ക് തോന്നുന്നു. പാഠം നന്നായി പഠിച്ചിരിക്കുന്നു. ഇനി നീട്ടിവായിപ്പിച്ച് സമയം കളയുന്നതെന്തിന്?

"സാധിച്ചുവേഗമഥവാനിജ്ജന്മകൃത്യം
സാധിഷ്ഠൻ പോട്ടിഹ"

എന്ന് കുമാരനാശാൻ പാടിയതും ഇതുതന്നെയല്ലേ?

ബ്ര. ചാക്കോയ്ക്ക് സ്നേഹാഞ്ജലി.

ഫാ. ഡൊമീഷ്യൻ മാണിക്കത്താൻ

റെക്ടർ

## സ്മരണാഞ്ജലി

(ബ്ര ചാക്കോ ഇരുപത്തിനാലിൽച്ചിറയുടെ 12-ാം ചരമദിനാചരണം 1996 ഒക്ടോബർ 14-ാം തിയതി ധർമ്മാരാമിൽ, പരേതൻെറ മാതാപിതാക്കന്മാരോടൊപ്പം, നടത്തിയ അവസരത്തിൽ ദിവ്യബലി മദ്ധ്യേ ഫാ.സെബാസ്റ്റ്യൻ തെക്കേടത്ത് നടത്തിയ അനുസ്മരണ പ്രഭാഷണത്തിൽ നിന്ന്.)

സാന്ദ്രമായി ഒഴുകുന്ന ഒരു സംഗീത ധാര പെട്ടെന്നങ്ങു നിലച്ചാലുള്ള സ്ഥിതി ഒന്നോർത്ത് നോക്കൂ; അല്ലെങ്കിൽ മനോഹരമായ നൃത്തവേദിയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന മാസ്മരിക നൃത്തത്തിനിടെ ശബ്ദവും പ്രകാശവും നിലച്ചാലുള്ള അവസ്ഥ; അതുമല്ലെങ്കിൽ ഒരു സുന്ദര ചിത്രം പാതിവരച്ച ശേഷം കലാകാരൻ എവിടെയോ പോയ് മറഞ്ഞാലുള്ള സ്ഥിതി.

ഏതാണ്ടിതുപോലുള്ള ഒരവസ്ഥയാണ് 1996 ഒക്ടോബർ 2-ാം തിയതി മദ്ധ്യാഹ്നത്തിൽ സംഭവിച്ചത്. മരണമെന്ന പ്രഹേളികയ്ക്ക് മുമ്പിൽ നിശ്ശബ്ദരായിപ്പോയി നാമെല്ലാം; തിരുമുമ്പിൽ നൂറുനൂറു ചോദ്യങ്ങളുയർത്തി ദൈവതിരുമനസ്സിനു ഒരിക്കൽ കൂടി നാം വേദനയോടെ കീഴടങ്ങി.

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ് ഇതുപോലൊരു സംഭവമുണ്ടായി. ആ സംഭവമാണ് നമ്മെയെല്ലാം യേശുവിൽ കോർത്തിണക്കിയത്. അതെ, ശൂന്യമായ ആ കുരിശിലേക്ക് കണ്ണുയർത്തു, കുരിശിൽ കിടന്ന യേശുവെവിടെ? പ്രിയ മാതാവിൻെറ മടിയിൽ നിശ്ചലം കിടക്കുന്നു, ദൈവപുത്രൻ. ദൈവപുത്രൻെറ നിശ്ചല മനുഷ്യ ശരീരം മടിയിൽ കിടത്തി ആ മാതാവ് അന്നു നെടുവീർപ്പെട്ടു; നൂറുനൂറു ചോദ്യശരങ്ങൾ ഉന്നതങ്ങളിലേക്ക് പായിച്ചു. അതെ, ജീവൻെറ മേൽ ആർക്കവകാശം? മാതാപിതാക്കൾക്കോ, അധികാരികൾക്കോ? രാജ്യം ഭരിക്കുന്ന നേതാക്കൾക്കോ? ജീവൻെറയും മരണത്തിൻെറയും നാഥൻ വിളിച്ചാൽ വിളികേൾക്കാതിരിക്കാനാവുമോ ?

ജെയിംസുകുട്ടി - ചാക്കോ ഇരുപത്തിനാലിൽച്ചിറയുടെ മരണത്തിൻെറ ആഘാതത്തിൽ നിന്നു നാമിനിയും മുക്തരായിട്ടില്ല .കൂട്ടുകാരിൽ പലരും ഞടുക്കത്തോടെ ഓർക്കുന്നു, ആ ദുരന്തം.

ആ നിമിഷം. ജീവിതത്തിൻെറ ഹ്രസ്വതയും ദൈവപരിപാലനയും വേദനാപൂർവ്വം നമ്മെ പഠിപ്പിക്കുന്ന നിമിഷങ്ങൾ. മാതാപിതാക്കളെയും ഇഷ്ടജനങ്ങളെയും സംബന്ധിച്ചിടത്തോളം ഹൃദയത്തിൽ തങ്ങി നിൽക്കുന്ന ഒരു മുറിവ്, ഒരോർമ്മ. ഇതെല്ലാം സമ്മാനിച്ച് ജെയിംസുകുട്ടി യാത്രയായി, നിത്യതയുടെ അനന്ത തീരങ്ങളിലേയ്ക്ക്. എന്നാൽ ജെയിംസുകുട്ടി നമ്മെ അനുസ്മരിപ്പിക്കുന്ന ഒരു കാര്യമുണ്ട്. ലോകത്തിലെ തൻെറ ദൗത്യം ജെയുംസുകുട്ടി ഏറ്റം ശ്ളാഘനീയമായി പൂർത്തിയാക്കി. ഒരു തുറന്ന പുസ്തകമായി ജെയിംസുകുട്ടി ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ വ്യാപരിച്ചു. ദൈവം തൻെറ തിരുസ്സന്നിധിയിലേക്ക് ജെയിസുകുട്ടിയെ വിളിച്ചു. എപ്പോഴും ദൈവതിരുമുമ്പിൽ ചരിക്കാൻ ജെയിംസുകുട്ടി നമ്മെ നിരന്തരം മാടിവിളിക്കുന്നു.

ജെയിംസുകുട്ടി ഉൾപ്പടെയുള്ള വിദ്യാർത്ഥികളുടെ മാസ്റ്റർ സ്ഥാനം ഞാനേറ്റെടുത്തിട്ട് അധികം കാലമായിട്ടില്ല. പിതൃദുഃഖം അനുഭവിക്കാനിടയായിട്ടില്ലാത്ത ഞാൻ, ചെറുപ്പത്തിലെ തന്നെ പിതൃ നഷ്ടം അനുഭവിക്കേണ്ടിവന്ന ഞാൻ പലയവസരങ്ങളിലായി പിതാമഹന്മാരുടെ ശവസംസ്ക്കാര കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചിട്ടുണ്ട്, മരണത്തിൻെറ അനിവാര്യതയെ അനുസ്മരിച്ചുകൊണ്ട്, വികാരങ്ങളെ അടക്കിപിടിച്ചുകൊണ്ട്. എന്നാൽ ആദ്ധ്യാത്മിക പിതൃത്വത്തിൻെറ വേദനയോ, എന്തോ ഈ ശവസംസ്ക്കാരത്തിൽ ഞാനറിയാതെ വിതുമ്പിപോയി. കുടുംബാംഗങ്ങളുടെ വിലാപത്തിനൊപ്പം നൂറുനൂറു ചോദ്യങ്ങൾ കൊള്ളിയാൻ കണക്കെ മനസ്സിൽ മിന്നിപ്പൊലിഞ്ഞു. പലപ്പോഴും ഉപദേശത്തിനും മറ്റും വിടർന്ന കണ്ണുകളും തുറന്ന ചെവികളുമായി ഇരിക്കുന്ന ജെയിംസുകുട്ടിയുടെ മുഖം സജീവമായി മനസ്സിലേക്കോടിവരുന്നു. മാടപ്രാവിൻെറ ശാലീനത മുഖത്ത്, ചെമ്മരിയാടിൻെറ നിഷ്കളങ്കത പ്രസരിക്കുന്ന ഭാവം നടപ്പിലും എടുപ്പിലും, ആർദ്രത നിറഞ്ഞ പ്രശാന്തമായ പെരുമാറ്റശൈലി. ചിന്തയും ഭാവനയും സമ്മേളിക്കുന്ന കാവ്യശകലങ്ങളിലൂടെ പ്രതിഫലിക്കുന്ന തിളങ്ങുന്ന മനസ്സ് - എല്ലാം ജെയിംസുകുട്ടിയുടെ ഭാവ ചിത്രങ്ങൾ, ജ്വലിക്കുന്ന ഓർമ്മയുടെ ജീവനുള്ള ചിത്രങ്ങൾ.

ദൈവവിളി നാമാരും സ്വയം ഏറ്റെടുക്കുന്ന ഉത്തരവാദിത്വമല്ല; ദൈവത്തിൻെറ വിളിക്ക് പ്രത്യുത്തരിക്കലാണ്. തഴപ്പായിലിരുന്ന് കൊച്ചു പ്രഭാതത്തിലും ഇരുണ്ടരാത്രിയിലും

പ്രാർത്ഥിക്കുന്ന മാതാക്കളുടെയും പിതാക്കളുടെയും പ്രാർത്ഥനയ്ക്കുള്ള പ്രത്യുത്തരമാണ്. ജെയിംസുകുട്ടിയുടെ അമ്മയും പ്രിയപ്പെട്ടവരും ചിന്തിക്കും, ഞങ്ങളുടെ പ്രിയപ്പെട്ട ജെയിംസുകുട്ടിയെ അൾത്താരയിൽ കാണാനുള്ള ഭാഗ്യം എന്തുകൊണ്ട് ഞങ്ങൾക്ക് സിദ്ധിച്ചില്ല എന്ന്. കർത്താവ് ഉത്തരം പറയും, അതേ, ഭയപ്പെടേണ്ട, ജെയിംസുകുട്ടി എന്നോടുകൂടിയുണ്ട്. നിത്യപിതാവിനുള്ള നിത്യബലിയിൽ അവൻ എന്നോടൊപ്പമുണ്ട് എന്ന്. അമ്മയ്ക്കും അപ്പച്ചനും ആശ്വസിക്കാം. ഇവിടെയുള്ള ഇരുനൂറിലധികം ശെമ്മാശ്ശൻമാർ നിങ്ങളുടെ മക്കളാണ്; അവർ നിങ്ങളെ അൾത്താരയിൽ അനുസ്മരിക്കും.

ജെയിംസുകുട്ടിയുടെ കുടുംബാംഗങ്ങടുടെ ഔദാര്യമനോഭാവം വളരെയേറെ ശ്രദ്ധേയമാണ്. കഷ്ടതയുടെ നീർച്ചുഴിയിൽ ഓറശ്ലേം സ്ത്രീകളെ ആശ്വസിപ്പിച്ച കർത്താവിൻെറ മാതൃകയിൽ ജെയിംസുകുട്ടിയുടെ പെങ്ങൾ - സിസ്റ്റർ റീന - കഴിഞ്ഞ ദിവസം ജെയിംസുകുട്ടിയുടെ സഹപാഠികൾക്ക് എഴുതി.
"നിങ്ങൾ സങ്കടപ്പെടരുത്. ദൈവം എല്ലാം നന്മക്കായി തരുന്നതാണ്. കുട്ടനെ (ജെയിംസുകുട്ടി) ഞാനെത്രയോ സ്നേഹിച്ചിരുന്നു. ഇനി മുതൽ നിങ്ങളാണ് എൻെറ കുഞ്ഞാങ്ങളമാർ" എന്ന്. അതിലും മികച്ച ഔദാര്യ മനോഭാവം ഈ മാരാപിതാക്കളിൽ തിളങ്ങി നിൽക്കുന്നു; ദൈവം കൊടുത്ത ജെയിംസുകുട്ടിയെ ദൈവത്തിനു സമർപ്പിച്ച ഉദാരതയുടെ ഭാവം.

ധന്യമായ ജീവിതത്തിലൂടെ ദൈവതിരുമുമ്പിൽ ചരിച്ച ജെയിംസുകുട്ടിയെന്ന ദൈവദാനത്തിനു നമുക്കെന്നും ദൈവത്തിനു നന്ദി പറയാം. നമ്മുടെ സമർപ്പണത്തെ ജെയിംസുകുട്ടിയുടെ മാതൃക കൂടുതൽ ആഴമുള്ളതാക്കട്ടെ, നമ്മുടെ ജീവിതത്തെ ആ ഓർമ്മ പവിത്രമാക്കട്ടെ. അത്യുന്നതൻെറ ദാനമായ ജെയിംസുകുട്ടിയെ അവിടുത്തെ കരങ്ങളിൽ നമുക്ക് സമർപ്പിക്കാം.

**It is not darkness that you are going to, for God is light. It is not lonely, for Christ is with you. It is not unknown country, for Christ is there.**

**Charles Kingsley**

# A Precious Gem

Bro. Chacko Irupathinalilchira was a studious, hard working and well disciplined student of Christ college. Though gifted with many literary talents, especially in writing, he kept himself in a low profile. Chacko was a committed religious who was well aware of his responsibilities to the Almighty, fellow beings and to himself. He was preparing himself to take up various challenges of priesthood. The C.M.I congregation, his parents and all his near and dear ones has high hopes in Chacko. But God had his own plans and designs about him. Hence He called Chacko back to Him at the age of 24. Let us submit ourselves to the will of God.

While praying for Chacko, let us request him to represent Christ College with all its joys and sorrows, achievements and failures and aspirations and ambitions before God.

Fr. ANTONY KARIYIL

Principal
Christ College
Bangalore - 29

## ചാക്കോജയന്തി സ്മരണകൾ

1996 ഒക്ടോബർ 2, ചാക്കോജയന്തി ദിനം. ധർമ്മാരാമത്തിൽ നിന്നും, നമ്മുടെ പ്രിയപ്പെട്ട ചാക്കോച്ചൻ സ്വർഗ്ഗീയ മലർവാടിയിൽ പറിച്ചു നടപ്പെട്ട ദിനം. മാടപ്രാവിൻെറ നിഷ്കളങ്കതയോടെ ജീവിച്ച ചാക്കോച്ചൻ പറന്ന് പറന്ന് സ്വർഗ്ഗരാജ്യത്തിൻെറ, അനന്തതയിലേക്ക് യാത്രയായ ദിനം. യേശുവിൻെറ പക്കൽ നമുക്കായി ഒരു മദ്ധ്യസ്ഥൻ കൂടി പിറന്ന ദിനം.

ചാക്കോച്ചനെക്കുറിച്ചുള്ള ഓർമ്മകൾ എന്നെ നൂറനാട് സെൻറ് ജോൺ ബാപ്റ്റിസ്റ്റ് ആശ്രമത്തിലേക്ക് കൊണ്ടുപോകുന്നു. ധർമ്മാരാമിൽ തത്വശാസ്ത്രം പഠിച്ചിരുന്ന ചാക്കോച്ചനെ അറിയാമായിരുന്നെങ്കിലും, 1994 മെയ് മാസത്തിൽ അവിടെ വച്ചാണ്, ഞാൻ ചാക്കോച്ചൻെറ വീട്ടുപേർ ആദ്യമായി പഠിക്കുന്നത്. അവധിക്കാല പരിപാടികളുമായി ചാക്കോ നൂറനാട് ആശ്രമത്തിൽ കഴിക്കുകയായിരുന്നു. തൻെറ കോളേജ് പഠനത്തിന്, ധർമ്മാരാമിലേക്ക് വരുന്നെന്ന് ചാക്കോച്ചൻ പറഞ്ഞപ്പോൾ ഹൃദയത്തിൽ ഞാൻ സന്തോഷിച്ചു. ഒരു നിഷ്ക്കളങ്കനായ, ഒരു വിശുദ്ധനായ വ്യക്തി കൂടി കോളേജ് സെക്ഷനിലേക്ക് വരുമല്ലോ എന്നോർത്ത്.

കോളേജ് സെക്ഷൻെറ മാസ്റ്ററായിരുന്ന എൻെറ മനസ്സിൽ അനേകം മധുരസ്മരണകൾ, ചാക്കോച്ചൻ രണ്ട് വർഷം കൊണ്ട് വാരിവിതറിയിട്ടുണ്ട്. കറകളഞ്ഞ വ്യക്തിത്വത്തിൻെറ ഉടമ, വാക്കിലും പ്രവൃത്തിയിലും വിശ്വസ്തൻ, യേശുവിനെ അനുകരിച്ച് വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ പരിശ്രമിച്ച യേശു ശിഷ്യൻ - അതാണ് ചാക്കോച്ചൻ. എളിമയും, നിഷ്കളങ്കതയും, സാഹോദര്യവും, കഠിനാദ്ധ്വാനവും പ്രാർത്ഥനാരൂപിയിൽ കോർത്തിണക്കിയ ജീവിതം - അതായിരുന്നു ചാക്കോച്ചൻെറ ശൈലി.

ആദ്ധ്യാത്മികതയും മനുഷ്യത്വവും സമന്വയിപ്പിച്ച്, ദൈവത്തോടും, മറ്റുള്ളവരോടും തന്നോടുതന്നെയും നീതിപുലർത്തിയ വ്യക്തിത്വം - അതാണ ചാക്കോച്ചൻെറ വ്യതിരിക്തത.

ഈ. വി. ലൂക്കോസിൻെറ ഒരു കഥയിൽ, തൻെറ ഏകമകൻ മരിച്ചുപോയതിൽ ദു:ഖിക്കുന്ന ഒരമ്മയുടെ മുമ്പിൽ ഒരു മാലാഖ പ്രത്യക്ഷപ്പെട്ട്, ആ മകൻ ഒരു നിമിഷം ജീവനോടെ തിരിച്ചുവന്നാൻ ഏതുരൂപത്തിൽ കാണുവാൻ ആഗ്രഹിക്കുന്നു എന്നു ചോദിക്കുന്ന ഒരു രംഗമുണ്ട്. ഈ പാശ്ചാത്തലം കടമെടുത്താൽ ഞാൻ ആഗ്രഹിക്കുന്ന ചാക്കോയുടെ രൂപമേതെന്നോ ? ചാക്കോയുടെ ഇളയ പെങ്ങളുടെ (സിസ്റ്റർ റീന) സഭാവസ്ത്ര സ്വീകരണത്തിനും, പ്രഥമ വ്രത വാഗ്ദാനത്തിനും സംബന്ധിക്കുവാൻ ചാക്കോച്ചൻ ഒരുങ്ങി നിന്ന ദിനങ്ങൾ. കുഞ്ഞിപെങ്ങളുടെ സന്തോഷത്തിൽ പങ്കുചേരുന്നതിൻെറ ഓർമ്മക്കായി, ഒരു സമ്മാനം വാങ്ങിക്കൊടുക്കുവാൻ, ഞാൻ ചാക്കോച്ചനോട് പറഞ്ഞു. അടുത്ത ദിവസം താൻ വാങ്ങിയ സമ്മാനം കാണിക്കുവാൻ ചാക്കോച്ചൻ എൻെറ മുറിയിൽ വന്നു. തെങ്ങിൻതടിയിൽ കൊത്തിയെടുത്ത ഒരു ക്രൂശിതരൂപം. ക്രൂശിതനായ യേശുവാണ് - ജീവിതമാതൃകയെന്ന്. വ്രതമർപ്പിക്കുന്ന കുഞ്ഞിപെങ്ങളെ ഓർമ്മിപ്പിക്കുന്ന സമ്മാനം. ആ പുഞ്ചിരിക്കുന്ന മുഖവും, കൈയിൽ കൂട്ടിപിടിച്ച കുരിശുരൂപവുമായി ഒരിക്കൽക്കൂടി ചാക്കോച്ചൻ പ്രത്യക്ഷപ്പെട്ടിരുന്നെങ്കിൽ.

1993-ൽ തൻെറ കോൺഫറൻസ് ഷീറ്റിൽ ചാക്കോ എഴുതി, "സമൂഹത്തോടൊത്തു പ്രാർത്ഥിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. എൻെറ വ്യക്തിപരമായ പ്രാർത്ഥനയിൽ യേശുവിനോട് ഐക്യപ്പെടുവാൻ ആഗ്രഹിക്കുന്നു." ചാക്കോച്ചൻെറ ആ ആഗ്രഹം പൂർത്തിയായി. മാലാഖമാരുടെ സമൂഹത്തിൽ ചാക്കോച്ചൻ സദാ ദൈവത്തെ സ്തുതിക്കുന്നു. സ്വർഗ്ഗത്തിൽ യേശുവിനോട് പൂർണ്ണമായി ഐക്യപ്പെട്ടിരിക്കുന്നു. അതിൻെറ ഓർമ്മ ചാക്കോജയന്തി 1996 ഒക്ടോബർ 2.

ഫാ. ജോസ്കുട്ടി പടിഞ്ഞാറേപിടിക

കണ്ണുകൾക്കു കാണാൻ കഴിയാത്തത് സ്നേഹത്തിനു കാണാൻ കഴിയും. കാതുകൾക്ക് കേൾക്കാൻ കഴിയാത്തത് സ്നേഹത്തിന് കേൾക്കാൻ കഴിയും

ലൂവേറ്റർ

## "എന്നാലും കർത്താവല്ലേ !"

പതിവുപോലെ 1992ലും ആദ്യവർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ലിസ്റ്റ് ധർമ്മാരാമിലെത്തി. ഒരു സംശയം. ആ വർഷം വ്രതം ചെയ്തവരുടെ എണ്ണം ലിസ്റ്റിലെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല. മുറി ഒരുക്കുന്നവർ വിഷമിച്ചു. എങ്കിലും ലിസ്റ്റിലെ എണ്ണത്തിൽ കൂടുതലായി ഒരു മുറി കൂടി ഒരുക്കി. പേര് എഴുതിവച്ചില്ലെന്ന് മാത്രം. വ്രതം ചെയ്തവരെല്ലാം നിശ്ചിതദിവസം എത്തി. ലിസ്റ്റിലെ പേരില്ലാതിരുന്ന ആളെ അവസാനത്തെ മുറിയിലേക്ക് സ്വീകരണകമ്മറ്റിക്കാർ കൊണ്ടുപോയി. പേര് ചോദിച്ചറിഞ്ഞ് ഉടനെ എഴുതിയും വച്ചു. അത് നമ്മുടെ ചാക്കോച്ചനായിരുന്നു.

രണ്ട് ദിവസം കഴിഞ്ഞ് ചാക്കോച്ചൻ എന്നെ കാണാൻ വന്നു. ഒന്നും അറിയാത്ത വിധം സംസാരിക്കാൻ ശ്രമിച്ചുവെങ്കിലും ചാക്കോച്ചൻ വിട്ടില്ല. "എൻെറ പേരാണ് ലിസ്റ്റിൽ ഇല്ലാതിരുന്നത്." ചാക്കോച്ചൻ പറഞ്ഞു. അതുകൊണ്ട് ഞാൻ ആദ്യം പഠിച്ച പേര് ചാക്കോച്ചൻെറയാണ്, ഞാനും പറഞ്ഞു. "ദൈവം എന്നെ തഴയുകയാണോ" ചാക്കോച്ചൻെറ സംശയം. ഞാൻ ഉത്തരം പറയുന്നതിനുമുമ്പ് ചാക്കോച്ചൻ കൂട്ടി ചേർത്തു. "എന്നാലും കർത്താവല്ലേ!"

ആ വർഷത്തിൻെറ അവസാനം ഒഴിവുകാലത്ത് ചാക്കോച്ചനെ ഒരു പ്രത്യേക ജോലി ഏല്പിച്ചിരുന്നു. മറ്റൊരാൾ അല്പം വഴി മാറിയ സ്വാധീനം ഉപയോഗിച്ച് ആ ജോലി ചെയ്തു തുടങ്ങി. സമൂഹത്തിൽ പലർക്കും അതേക്കുറിച്ച് അമർഷമുണ്ടായി., എന്നെ വിവരമറിയിച്ചു. ഞാൻ ചാക്കോച്ചനെ വിളിച്ചു ചോദിച്ചു. "എനിക്കൊരു പ്രയാസവുമില്ല. അദ്ദേഹം ചെയ്തുകൊള്ളട്ടെ. കർത്താവ് അനുവദിച്ചതുകൊണ്ടല്ലേ." ചാക്കോച്ചൻെറ ഉത്തരം.

ചാക്കോച്ചൻെറ ആന്തരികഭാവം ഇതായിരുന്നു. കർത്താവിൽ വിശ്വസിച്ചു. വിശ്വസിച്ചത് കൊടുത്തു. പൂർണ്ണമായും കൊടുത്തു. പിന്നെ വിലപേശിയിട്ടില്ല. എല്ലാം അവിടത്തേക്ക് അവകാശപ്പെട്ടതാണ്. അവിടത്തെ ഇഷ്ടം നിറവേറട്ടെ. മറ്റൊരു ചിന്തയ്ക്ക് സ്ഥാനമുണ്ടായിരുന്നില്ല, ചാക്കോച്ചനിൽ. അന്ത്യവും അതുപോലെ. കൊടുത്തുകഴിഞ്ഞാൽ, കൊടുത്തവൻെറ അവകാശം തീർന്നു. സ്വീകരിച്ചവൻ യുക്തം പോലെ ഉപയോഗിക്കും. കർത്താവ് ഉപയോഗിക്കുന്നു ചാക്കോച്ചനെ. നമുക്കതിൽ പരിഭവത്തിന് അവകാശമില്ല..

ഫാ.നോർബർട്ട് എടാട്ടുകാരൻ

## സ്മരണകളിലെ സതീർത്ഥ്യൻ

### ലക്ഷ്യബോധത്തിൻെറ പ്രശാന്തത കളിയാടിയ മുഖം

ജെയിംസ് കുട്ടി എന്ന് വിളിക്കപ്പെട്ടിരുന്ന ചാക്കോ ഇരുപത്തിനാലിൽചിറ, ഇന്നു നമ്മുടെ സ്നേഹോഷ്മളമായ സ്മരണയിൽ മരണത്തെ അതിജീവിക്കുന്നു. അകാലത്തുള്ള ആകസ്മിക അകൽച്ചയുണ്ടാക്കിയ അസ്വസ്ഥതയിൽ നിന്ന് ഇന്നും നാം വിമുക്തരല്ല. ആകാത്തതിൻെറ ഈ അനുഭവം സൃഷ്ടിച്ച അലകളടങ്ങുന്നതിന് മുമ്പ് അതിൽ ചിലതൊക്കെ ഒന്നാലേഖനം ചെയ്യുകയാണിവിടെ.

പല നിലകളിൽ ഞാൻ ചാക്കോയുമായി ബന്ധപ്പെട്ടിട്ടുണ്ട്; അദ്ധ്യാപകനായും അധികാരിയായും. സന്ദർഭവും കാലവും അനുസരിച്ച് ധാർമ്മികതയുടെ ശൈലി മാറുമെന്ന് പഠിപ്പിച്ച ബർട്രാൻഡ് റസ്സലിൻെറ സാന്മാർഗിക ശാസ്ത്രത്തിൻെറ ഒരു നിരൂപണമാണ് എൻെറ കീഴിൽ തത്വശാസ്ത്ര ബിരുദത്തിനുള്ള തീസിസായി ചാക്കോ തയ്യാറാക്കിയത്. സത്യവും നന്മയും ആപേക്ഷികമാണെന്ന് പറയുക ഫാഷനായ ഇക്കാലത്ത് മാറ്റം വരാത്ത സത്യവും ധർമ്മവും, നീതിയും ഉണ്ടെന്ന് ശങ്കയില്ലാതെ സ്വീകരിക്കുവാൻ ശരിയായ ഒരു ജീവിത വീക്ഷണം തന്നെ വേണം.. അടുക്കില്ലാത്ത ചിന്തകളാണ് അകതാരിനെ അലകളിളകുന്ന ആഴിയാക്കുന്നത്. പ്രശാന്തമായ ഒരു ആഴക്കടലിൻെറ ഗാംഭീര്യത സ്വന്തജീവിത ലക്ഷ്യത്തെകുറിച്ചുള്ള ബോധ്യത്തിൽ നിന്നും അടുക്കുള്ള ചിന്തയിൽ നിന്നും ആ മുഖത്ത് പ്രശോഭിച്ചിരുന്നു. വിനീതമായ പുഞ്ചിരി പ്രസരിപ്പിച്ച ആ മുഖത്തിൻെറ വശ്യത ആർക്കും ദർശനീയമായിരുന്നു, സ്പർശനീയമായിരുന്നു. അതെന്നെ എപ്പോഴും ആകർഷിച്ചിട്ടുണ്ട്. സ്നേഹത്തോടെ, കൗതുകത്തോടെ അതു കണ്ടാസ്വദിച്ചിട്ടുമുണ്ട്. ഈ ഉണ്ണി സഭയിൽ നിശബ്ദമായി സേവനം ചെയ്ത് വിശുദ്ധിയുടെ ചൂടും വെളിച്ചവും സുഗന്ധവും പലരിലേക്ക് പ്രസരിപ്പിക്കുമെന്ന് സ്വപ്നം കണ്ടിട്ടുണ്ട്. ഇന്ന് ആ സ്വപ്നം പൂർത്തിയാകാതെ വിരാമമിട്ട് നിർത്തപ്പെട്ടിരിക്കുന്നു.

നമ്മുടെ ജീവിതത്തിൻെറ ധന്യത നാം മാർഗ്ഗ നിർദ്ദേശം നല്കുന്നവർ സുഗമമായി അവരുടെ ലക്ഷ്യം പ്രാപിക്കുന്നത് കാണുമ്പോഴാണല്ലോ. ആ ചാരിതാർത്ഥ്യമാണ് ഇപ്പോഴെന്നിലുള്ള മൂർത്ത വികാരം. ദൈവത്തിൻെറ പദ്ധതി സ്വന്തജീവിതത്തിൽ ഹ്രസ്വകാലം കൊണ്ട് പൂർത്തിയാക്കിയ എൻെറ ഈ വത്സലശിഷ്യന് ദൈവദർശനത്തിൻെറ സൗഭഗം ഉണ്ടാകുവാൻ എന്നും പ്രാർത്ഥിക്കുന്നു.

ഫാ. തോമസ് കാടൻകാവിൽ സി.എം.ഐ

# Bro.Chacko's Vision of Prayer

It was a very shocking news for me to hear about the sad demise of our beloved Chacko, who has been a real brother and friend to all.

Bro.Chacko had been closely associated with me in starting a new prayer movement among the scholastics in Dharmaram College. His inspiration and insistence enabled us to form a 'God experience prayer group'. We used to gather on every Tuesday for an hour to have an experience of God, where we made use of several techniques of group prayer that have a special attraction and appeal for the youth. Bro.Chacko was the animator of the group. Our theme was "Prayer leads me to seek life, and life leads me to seek prayer".

We were also introduced to various prayer perspectives from the traditional and the contemporary point of view. We had exercises on the joyful and sorrowful mysteries of life, symbolical fantasies, Benedictine method of prayer, Jesus prayer etc. One evening Chacko gave us a touching scene on the mysteries of life where he lead us from the childhood exercise of the cradle to the resurrected aspect of life at the tomb. His flowering language, poetical expression, beautiful description, firm conviction of faith realities and above all the transparency of his life were visible throughout the presentation. We could experience his deep faith and personal relationship with Jesus and his ability of prayer to radiate his inner joy to all of us. That experience still lives in me very fresh and vibrant, whenever I think about Bro.Chacko.

Fr. John Marius cmi.

# മുഖാമുഖം

അറിയിപ്പില്ലാതെ വരുന്ന ഋതുഭേദങ്ങളെ
സ്നേഹിച്ചു കൊതി തീരാതെ അവൻ കടന്നുപോയി.
ബലിവേദിയിലേക്കുള്ള കുതിപ്പിൽ
പ്രതീക്ഷകൾ സഫലമാകാതെ
അവൻ ഉറങ്ങി.
ഒടുങ്ങാത്ത തേങ്ങലും പേറി
ഒരു ദുരന്തത്തിൻെറ ഓർമ്മകളിൽ ജീവിക്കുന്ന നാം
സന്യാസത്തിൻെറ വല്മീകങ്ങളിൽ
ആദിവചനത്തിൻെറ അനുരണനങ്ങളിൽ
ആദിസ്നേഹത്തിന് അടിയറവുപറഞ്ഞ ചാക്കോച്ചൻ
അടിയുറച്ച വിശ്വാസത്തിലൂടെ
അന്വേഷണങ്ങളുടെ നെടുവീർപ്പുകളോടെ
അവൻ സഞ്ചരിച്ചു.
"യാത്ര"........സനാതന സത്യത്തെ കണ്ടെത്തുവാനുള്ള
ഒരു നിഷ്കളങ്കനായ ഇസ്രായേൽക്കാരൻെറ പുറപ്പാട്....
പ്രജ്ഞയുടെ വിഹ്വലതകളിൽ നിന്ന്
അവൻ മോചിതനായി....... പൂർണ്ണതയിലേയ്ക്ക്...
ലാളിത്യത്തിൻെറ ചുവടുകൾ വച്ച്
ലളിത സുഭഗമായ ചര്യകളിലൂടെ
സമസൃഷ്ടങ്ങളെ അറിഞ്ഞു സ്നേഹിച്ചു.
വന്യമായ സംസ്ക്കാരത്തിൽ നിന്നുമകന്ന്
ശൂന്യവത്കരണത്തിൻെറ സുവിശേഷം ജീവിച്ചു.
വെളിപ്പെടുത്തപ്പെട്ട ദൈവീക സത്തയെ
അടുത്തനുകരിച്ചു.
അപരന് മാതൃകയായി സമൂഹത്തിൽ നന്മ വിതറി
അന്യവത്കരണത്തിൻെറ പതിവുകൾക്ക്
അവൻ ഒരു അപവാദമായി.
സ്നേഹത്തിൻെറ സുസ്മേരങ്ങളിലൂടെ
സൗഹൃദത്തിൻെറ നൈർമ്മല്യത്തോടെ
സാന്ത്വനത്തിൻെറ സാന്ദ്രതയോടെ
അവൻ മനുഷ്യനെ അറിഞ്ഞു
സമൂഹത്തെ ഉൾക്കൊണ്ടു.
സന്യാസത്തിലെ നിയമങ്ങളെ ശത്രുതയില്ലാതെ സ്വീകരിച്ചു

# സ്മരണകളിലെ സതീർത്ഥ്യൻ

അധികാരികളിലൂടെ നിർഗ്ഗളിക്കുന്ന
ദൈവത്തിൻെറ വെളിപാടുകളോട്
സൻമനസ്സോടെ സഹകരിച്ചു
വേദനയുടെ വഴിയോരങ്ങളിൽ നിസ്സഹായരെ വഴി
നടത്തിയവനാണവൻ
അറിവിൻെറ ശേഖരങ്ങൾക്കു മുന്നിൽ തളരാതെ
ദിനരാത്രങ്ങൾ തപസ്സുചെയ്തവൻ
അക്ഷരലോകത്തെ സ്നേഹിച്ചവൻ
അക്ഷര ശുദ്ധിയുള്ളവൻ
ചിന്തകളും സ്വപ്നങ്ങളും ആത്മസത്തയോട് പങ്കുവച്ചവൻ
ആത്മ സാക്ഷാത്ക്കാരങ്ങൾക്ക് വാക്കുകൾ നൽകിയവൻ
കരഗതമായ കഴിവും നേടിയെടുത്ത വിരുതും
വിജയത്തിലേയ്ക്കുള്ള സോപാനമാക്കിയവൻ
ത്യാഗത്തിൻെറ നെരിപ്പോടുകളിൽ
വേദനയുടെ അർത്ഥം കണ്ടെത്തിയവൻ.
സത്വത്തെ മറന്ന് സ്വാർത്ഥം ത്യജിച്ച്
തിരുവിഷ്ടം നിറവേറ്റാൻ അനുദിനം ശ്രമിച്ചവൻ
ബോധത്തിൻെറ നവസുവിശേഷങ്ങളിൽ
വിശുദ്ധിയുടെ ലാവണ്യം നുകർന്നവൻ.
ഒടുവിൽ, ക്ഷണപത്രമില്ലാതെ കടന്നു വന്ന
മരണത്തിൻെറ കറുത്തമുഖം

ദുരന്തം സമ്മാനിച്ച മുറിവുകളോടെ കറുത്ത
സത്യത്തെ.ഏറ്റുവാങ്ങിയ സുഹൃത്തിൻെറ മുഖം
മാനവികതയ്ക്ക് പൊൻവെളിച്ചം നൽകാൻ
നമുക്കുമുമ്പേ നിത്യതയിലേക്കെടുക്കപ്പെട്ട
ആത്മാവിൻെറ ദിവ്യസ്പന്ദനം.
ജീവിതത്തിൽ മനുഷ്യരേയും മരണത്തിലൂടെ ദൈവത്തേയും
മുഖാമുഖം ദർശിച്ച പ്രിയപ്പെട്ട ചാക്കോച്ചൻ
മരണമില്ലാത്ത നമ്മുടെ ഓർമ്മകളിൽ
അനശ്വരനായി എന്നും ജീവിക്കുന്നു.

വർഗീസ് പോൾ പാണെങ്ങാട്ട്

# ഒരു തൂവൽ സ്പർശം

ഈ യാത്രയിൽ നിന്നെ കണ്ടുമുട്ടി
പുഞ്ചിരിക്കുന്ന മുഖമായിരുന്നു നിനക്ക്
ഈ വഴിയിൽ നീ കാത്തിരുന്നു
സ്നേഹ സാന്ത്വനമായി.
നീ വിരൽ ചൂണ്ടി
ലക്ഷ്യത്തിലേയ്ക്ക്, സ്നേഹത്തിലേയ്ക്ക്, നന്മയിലേയ്ക്ക്.
ആവരണം നിനക്കില്ലായിരുന്നു
ആത്മാർത്ഥതയെ നീ സ്നേഹിച്ചു.
ഒന്നും നിസ്സാരമായി നീ തള്ളിയില്ല.
എല്ലാം നീ സമയമെടുത്തും ഭംഗിയായും ചെയ്തു.
പക്ഷേ, നിൻെറ യാത്ര എന്തേ ഇത്ര ധൃതിയിലായി?

ആ ഉച്ചയ്ക്ക് നാം അവസാനമായി കണ്ടുമുട്ടി.
നീ മുറിയടച്ചു, വളരെ സാവധാനത്തിൽ
കടന്നുപോയ എന്നെ നീ തിരിഞ്ഞു നോക്കി
എല്ലാം എൻെറ കൺമുമ്പിൽ ഇപ്പഴും സജീവം
പക്ഷേ സോദരാ ഞാൻ വിചാരിച്ചില്ല
എല്ലാം എല്ലാം ഇത്ര പെട്ടെന്ന്.

യാത്ര ഓട്ടോയ്ക്കാവരുതോ? ഞാൻ ചോദിച്ചു വെറുതേ.
"നിങ്ങളൊക്കെ ഇങ്ങനെ നടന്നു പോകുമ്പോഴോ"
നിൻെറ മറുപടി.
അതിശീഘ്രം ഊട്ടുമുറിയിലേയ്ക്ക് പാഞ്ഞ ഞാൻ ഒന്നറച്ചു.
അതേ, കളിയിലൂടെ കാര്യങ്ങൾ നീയോതി.
"കാശ് ആവശ്യമില്ലാതെ കളയാനോ"നീ വീണ്ടും എന്നെ തിരുത്തി.
ഇനി എന്തു പറയാൻ
വാക്കിലും, പ്രവൃത്തിയിലും നീ ഏറെ മുന്നേറിയിരുന്നു,
എന്നെക്കാളും - ഞങ്ങളെക്കാളും
സ്നേഹിതാ നന്ദി - ഈ വഴിയിലെ വെളിച്ചത്തിന്.

.........................................................................

ഒക്ടോബർ ഒന്ന്, ചൊവ്വ - ക്രോണിക്കിളിൽ നീ എഴുതി,
വിശുദ്ധ കൊച്ചു ത്രേസ്യായെകുറിച്ച്.
"പ്രാർത്ഥനയുടെ പന്ഥാവിലൂടെ
എളിമയുടെ ഓടത്തിൽ

നിഷ്കളങ്കതയുടെ തുഴയുമായവൾ
സഹനത്തിൻെറ ഓളങ്ങളെ കീറിമുറിച്ച്
ഈശോയുടെയടുക്കലേയ്ക്ക് കുറുക്കുവഴി കണ്ടുപിടിച്ചു"
തീർന്നില്ല, ഒരു വരികൂടി നീ എഴുതി.
"സന്യസ്തർക്ക് മാതൃകയാണവൾ"

ഒക്ടോബർ - രണ്ട്, ബുധൻ -
ഇതേ വാചകം തന്നെ ഞാൻ എഴുതി
നാഥൻെറ അടുത്തേയ്ക്കുള്ള നിൻെറ കുറുക്കുവഴിയായ്.

അവസാനമായി ഒരു വാക്കു കൂടി
"സന്യസ്തർക്ക് മാതൃകയാണവൻ"

മാത്യു ഓണയാത്തുംകുഴി

## ചാക്കോച്ചൻ - ഒരോർമ്മക്കുറിപ്പ്

ഇതൊരു ചരമക്കുറിപ്പല്ല. ആശ്വാസ വചനവും അല്ല. ചാക്കോച്ചൻെറ സ്മരണ കുറിപ്പെഴുതാൻ എനിക്കു സാധിക്കുന്നില്ല. ആ യാത്രയുടെ നൊമ്പരം, ഈ പുരുഷായുസ്സു മുഴുവൻ നെഞ്ചിലേറ്റാൻ വിധിക്കപ്പെട്ട, ഒരു യാത്രമൊഴിയങ്കിലും നേരാൻ ഭാഗ്യം ലഭിക്കാത്ത ഒരു സഹയാത്രികൻെറ, ആത്മ ജല്പനങ്ങൾ മാത്രം.

ഓർമ്മകളിൽ ഒരു കുട്ട തീക്കനലുകൾ കോരിയിട്ട്, അസ്തമയത്തിനു കാത്തുനിൽക്കാതെ സ്വർഗ്ഗീയാരാമത്തിലേക്ക് പറിച്ചു നടപ്പെട്ട പ്രിയ സഹോദരാ നിനക്ക് നിത്യശാന്തി നേരുന്നു.

ഏകദേശം രണ്ടു വർഷം മാത്രമെ ആരാമത്തിൽ ഒരുമിച്ചു വളരുവാൻ സാധിച്ചുള്ളുവെങ്കിലും നീ നല്കിയ സ്നേഹത്തിൻെറ ,തീക്ഷണതയുടെ, അനുഭവങ്ങളുടെ, സ്മരണകൾ ഇന്നും ഹൃദയത്തിൽ ആളികത്തുന്നു.

ഏറെ ഒച്ചപ്പാടുകളൊന്നുമില്ലാതെ, തീഷ്ണമായ പ്രാർത്ഥയിലൂടെ, പ്രസാദപൂർണ്ണ പെരുമാറ്റം കൊണ്ട് യുവസന്ന്യാസികളിൽ ഒരു നിശബ്ദ വിപ്ളവത്തിന് തിരികൊളുത്തി, ഒരു യാത്രയ്ക്കിടയിൽ തളർന്ന് വീഴാൻ വിധിക്കപ്പെട്ട ചാക്കോ ശെമ്മാശാ, നിൻെറ ജീവിതം ഞങ്ങൾക്കൊരു മാതൃകയാണ്. നിൻെറ വേർപാടോ, ഇനിയുമുണങ്ങാത്ത ഒരു പിടി മുറിവുകളും.

ജോഷി തെക്കൂടൻ

## മരിക്കാത്ത ഓർമ്മകൾ

മരിക്കാത്ത ഓർമ്മകൾ മാത്രമായോ
നിൻ കൊച്ചു ജീവിത സമ്മാനം.
നിത്യ സമ്മാനത്തിനായ് നിന്നെ
വിളിച്ചപ്പോൾ നിൻ മധുരസ്മരണകൾ
നല്കി നീ പറന്നകന്നോ?

ഒരു പാട് ഒരുപാടുസ്വപ്നങ്ങൾ
നെയ്തു കൂട്ടിയില്ലെ നാം പക്ഷേ
ഒരുപിടി മധുരസ്മരണകളും
ഒരു പിടി ദുഃഖസ്മരണകളും
സമ്മാനമായ് നീ തന്നകന്നു.

പ്രിയ സോദരാ, നിൻ സോദരങ്ങൾ
നിന്നെ ഓർത്തു കേഴുന്നു
നിൻ പുഞ്ചിരി, മായാത്ത പുഞ്ചിരി
എന്നും ഞങ്ങൾ കാണുന്നു ഞങ്ങൾ തൻ-
ഹൃദയത്തിൽ കുളിർമ്മയായതു വിടരുന്നു.

ധർമ്മാരാമത്തിലെ ചെറുപുഷ്പമേ ചാക്കോച്ചാ
ഉടയവൻ നിന്നെ ഇറുത്തെടുത്തപ്പോൾ
പുഞ്ചിരിയേകി നീ പറന്നു പോയോ?
പുഞ്ചിരിക്കൂ സോദരാ നീ അവിടെ
ഞങ്ങൾക്കായ്, ഒരു നാൾ നാം അവിടെ ഒന്നിക്കുവോളം.

അറിയപ്പെടാത്ത സ്നേഹിതൻ

**Believe me, life lived in earnest doesn't die; it goes on for ever.**

**Edward Thring**

## സ്മരണകളിലെ സതീർത്ഥ്യൻ

# ഇല്ല മറക്കില്ലൊരുനാളും

ഓർമ്മിക്കുമെന്നും നിൻ സുസ്മേരവദനവും
തോളോടു തോൾ ചേർന്ന കാലവും
വിസ്മൃതിക്കാവില്ല മായ്ക്കുവാൻ
നീ തേച്ച വർണ്ണത്തുടിപ്പുകൾ
ഇല്ല മറക്കില്ലൊരുനാളും.....

ആമ്പൽ വിരിഞ്ഞപോൽ പുഞ്ചിരി
അതിൽ ചന്ദ്രനുദിച്ചതു ജീവിതം
കുളിർ തെന്നൽ തോല്ക്കും ശാന്തത
മാരിവില്ലൊളി മങ്ങും വിശുദ്ധി
ഇല്ല മറക്കില്ലൊരുനാളും.......

നാമം ചൊല്ലി വിളിച്ചോരെല്ലാം
നാഥന്റെ വാത്സല്യ ഭാജനങ്ങൾ
ഉടയോന്റെ വിളി കേട്ടോ നീ
ഉടപ്പിറന്നോരെ വേർപിരിയാൻ?
ഇല്ല, മരിക്കില്ലൊരുനാളും........

നിശബ്ദത നിഴലിച്ച നിമിഷത്തിൽ
മണിനാദം പറഞ്ഞതെന്തെന്നോ?
ഇന്നെന്നന്ത്യമല്ലെന്നാദ്യമാണ്
പോകുന്നു ഞാനെൻ ഭവനത്തിൽ
ലോകമേ വിട.....

തോമസ് തെക്കേൽ

**മ**രണം അനശ്വരതയുടെ ദന്തഗോപുരത്തിന്റെ സ്വർണ്ണനിർമ്മിതമായ താക്കോലാണ്

മിൽട്ടൺ

# In to Eternity

I have had the good fortune to touch the lives of innumerable young men and women during my blessed career as a teacher, but, sadly enough, my eyes have seen some of my favourite students who, I thought, would outlive me by several years. It is heartbreaking to see someone young, full of life and mirth, lying silent and still and so cold.

Bro. Chacko was my student for all but three years, and his death is a personal tragedy to me. He was a fine young man, a good student, godly, cheerful and very lovable. It so happened that I was marking his answer-script on the day he died. I could see the sensibility and the diligence shining behind his neat hand. He had topped the class.

"Do these things really matter now ?" I had asked myself. "Why, God, why ?" I used to ask many a time when death snatched away cruelly a promising youth. No more. To a follower of Christ Jesus, death holds no terrors, it is a gain and everything that happens is part of the Divine Design. He is certain that when he leaves this earth he will go to be with the Lord for ever. Such glorious faith should prompt each of us to live a holy life, to do what is right and proper, and to die boldly. Aren't we all eager to hear the pleased Master's voice, "Well done, my good and faithful servant."?

Prof. Oommen Mathew
Dept.of English
Christ College
Bangalore-29

# My Prayer-Friend

To die at twenty four, with dreams in one's heart, the future on one's hands, is by no means a happy event. But the psalmist says that "Precious in the eyes of the Lord is the death of his faithful ones" (Ps 116:15). I have personally known Bro.Chacko and he has been a good friend. During my stay at Dharmaram, Chacko and myself used to pray in private and spend much time in sharing our experiences. He was my 'Prayer-Friend' As friends, we encouraged each other and learnt a lot. His ways and manners were very pleasing. He was very cheerful. I am glad to say that he set higher ideals and always had a great devotion to duty and deep sense of purpose on life. His memory inspires me to have ever greater fidelity in my commitment. It is better to say that I no longer want to pray for Chacko, for I know my "prayer-friend" is at home with God, but I pray to him.

Jacob Alackal

ജീവിതമാകുന്ന രാത്രിയുടെ അവസാനത്തെ കണ്ണിയാകുന്ന മരണം അനന്തജീവിതത്തിലേക്കുള്ള പ്രവേശന കവാടമാണ്.

വെബ്സ്റ്റർ

# നൊമ്പരങ്ങൾ

സന്ധ്യാ വന്ദനം കഴിഞ്ഞു ഞാനെൻെറ
മൂകമാം മുറിയിലെത്തുമ്പോൾ
കാണുന്നു, നിൻ പുഞ്ചിരിയേറും മുഖം
വിതുമ്പുന്നു, ഞാനെൻ ഹൃദയം മാത്രം സാക്ഷി...

നീ ചൊന്ന സ്നേഹവചസ്സുകൾ.......
നീ ജീവൻ കോരിയിട്ടോരക്ഷരങ്ങൾ.......
നിൻ സ്നിഗ്ദ്ധമാം പുഞ്ചിരിയുണർത്തിയ
കിനാവുകൾ, മനസ്സിലിനിയും ചിതയായെരിയുന്നു...

എഴുതിത്തീർത്ത നോട്ടുമായ്
നീ വന്നെൻെറ വാതിലിൽ മുട്ടുന്നപോൽ,
നിദ്രയിൽ നിന്നുണർന്നെത്തുമ്പോൾ
ഒരു കിനാവുപോൽ നീയെന്തേ മറയാൻ?

ഒരു കുളിർത്തെന്നലായ് നീ വന്നെ-
ന്നെ തലോടി തലോടിയൊഴുകവേ..
കേൾക്കുന്നു ഞാനിപ്പഴും, നിൻ സ്വരം
എൻ മിഴിയിണകളിൽ നിൻ മുഖം.

കാണാമറയത്താണെങ്കിലും നീയെൻെറ
ചാരെയുണ്ടെന്നുമെൻ കുട്ടാ..
ഒരു നാളും മറക്കുവാനാകില്ലെനിക്കിനി
നീയെൻ ഹൃദയവും കൊണ്ടേ മറഞ്ഞു...

ജോർജ് കൊമ്മറ്റത്തിൽ

ദൈവത്തിൻെറ പ്രിയങ്കരരായവർക്ക്
നേരത്തെ മരണം നല്കുന്നു.
*ബൈറൺ*

# എൻെറ പ്രിയപ്പെട്ട ചാക്കപ്പൻ

ചാക്കോയെ ഞാൻ "ചാക്കോ" എന്ന് വിളിച്ചിട്ടുള്ളതായി ഓർക്കുന്നില്ല. ഇനി ഉണ്ടെങ്കിൽ തന്നെ, ഞാൻ കൂടുതലായി വിളിച്ചിട്ടുള്ളത് "ചാക്കപ്പൻ" എന്നാണ്. നൊവിഷ്യേറ്റ് കഴിഞ്ഞുള്ള ഇംഗ്ളീഷ് പഠനകാലത്താണ് ഞാൻ ചാക്കപ്പനെ ആദ്യമായി കാണുന്നത്. ബാച്ചുകാർ കൂടിയിരുന്ന് പരിചയപ്പെടുത്തികൊണ്ടിരിക്കുമ്പോൾ അന്നത്തെ കുരിശുമണി അടിച്ചു. ചാക്കപ്പൻ ഉടനെ കർത്താവിൻെറ മാലാഖ ഇംഗ്ളീഷിൽ ചൊല്ലി. ബാക്കി ചൊല്ലാൻ എനിക്ക് സാധിച്ചില്ല, മറന്നു പോയിരുന്നു. കാരണം ഞങ്ങൾ ഹിന്ദിയിലാണ് എല്ലാ പ്രാർത്ഥനകളും ചൊല്ലിക്കൊണ്ടിരുന്നത്. അന്നുമുതൽ പ്രാർത്ഥനയിലും, പഠനത്തിലും, സംസാരത്തിലും കളിയിലും ജോലിചെയ്യുന്നതിലും എല്ലാം ചാക്കപ്പൻ എൻെറ ശ്രദ്ധാ കേന്ദ്രമായിരുന്നു.

ചാക്കപ്പൻ മരിച്ചു എന്ന വാർത്തകേട്ടപ്പോൾ എൻെറ മനസ്സിലേക്ക് ഓടിവന്നത്, സൂര്യനെപ്പോലെ തിളങ്ങുന്ന പ്രകാശിക്കുന്ന ചാക്കപ്പൻെറ കണ്ണുകളാണ്. അന്ന് രാവിലെ വിശുദ്ധ കുർബ്ബാനക്ക് പ്രസംഗം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇടവിടാതെ എന്നെ മാത്രം നോക്കികൊണ്ടിരുന്ന ആ പ്രകാശ ഗോളങ്ങളെ അഭിമുഖീകരിക്കുവാൻ പറ്റാതെ ഞാൻ സ്വയം എൻെറ കണ്ണുകളെ മാറ്റിയത് ഇപ്പോഴും ഞാൻ ഓർക്കുന്നു. ആ തിളങ്ങുന്ന കണ്ണുകൾക്ക് നമ്മോട് എന്തോ ഒരു രഹസ്യം പറയാൻ ഉണ്ടായിരുന്നില്ലേ......?, ചാക്കപ്പൻ അത് പറഞ്ഞുകഴിഞ്ഞു.

കോളേജിൽ അനുശോചന യോഗത്തിൽ, ചാക്കപ്പനെ ക്കുറിച്ച്, രണ്ട് വാക്ക് പറയണമെന്നാവശ്യപ്പെട്ടപ്പോൾ എന്ത് എങ്ങനെ പറയണം എന്നെനിക്കറിയില്ലായിരുന്നു. കാരണം ചാക്കപ്പൻെറ ജീവിതം പറഞ്ഞനുഭവിക്കാവുന്ന ഒന്നല്ല. ചാക്കപ്പനെ നാം വാക്കുകളിലൂടെ അവതരിപ്പിക്കാൻ ശ്രമിച്ചാൽ യഥാർത്ഥ ചാക്കപ്പനാകുമോ എന്ന് സംശയം ഉണ്ട്. ചാക്കപ്പൻെറ കൂടെയുള്ള ജീവിതം ഒരനുഭവമാണ്. അത് വാക്കുകൾക്ക് അതീതമാണ്.

കുറച്ച് സാസാരിക്കുന്ന, കൂടുതൽ ചിരിക്കുന്ന,
കൂടുതൽ പ്രാർത്ഥിക്കുന്ന, കൂടുതൽ പ്രയത്നിക്കുന്ന,
കൂടുതൽ എളിമയുള്ള ചാക്കപ്പൻ, നിൻെറ മൂല്യം
ഞാൻ മനസിലാക്കിയത് നിൻെറ വേർപാടിലാണ്.
നിൻെറ അഭാവം എന്നെ വീർപ്പ്മുട്ടിക്കുന്നു.

ബിനോജ് മക്കോളി

# ഓർമ്മക്കുറിപ്പ്

എൻെറ പ്രിയ വിദ്യാർത്ഥി ബ്രദർ ചാക്കോയുടെ മരണവാർത്ത കോളേജിൽ നിന്നറിഞ്ഞപ്പോൾ വല്ലാത്ത ദുഃഖം അതുളവാക്കി. ശാന്തനും, ശ്രദ്ധാലുവും, സ്നേഹസമ്പന്നനും എന്ന നിലയിലേ ബ്രദർ ചാക്കോയെ എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളൂ. സൗമ്യമായ പുഞ്ചിരിയും ആ മുഖത്തെ കൂടുതൽ ആകർഷകമാക്കിയിരുന്നു. സ്നേഹ സമ്പന്നനായ ചാക്കോയുടെ അദ്ധ്യാപകനാകാൻ സാധിച്ചു എന്നതിൽ സംതൃപ്തിയുണ്ട്. അതുകൊണ്ടുതന്നെ ആ വേർപാട് എന്നെക്കൂടുതൽ അസ്വസ്ഥനാക്കുന്നു. ചാക്കോയുടെ ആത്മശാന്തിക്കായുള്ള പ്രാർത്ഥനയിൽ ഞാനും പങ്കുചേരുന്നു.

കെ. എബ്രാഹാം ജോസ്
മലയാള വിഭാഗം
ക്രൈസ്റ്റ് കോളേജ്, ബാംഗ്ളൂർ

## പ്രാർത്ഥനയുടെ മനുഷ്യൻ

ഹൃദയം നിറയെ സ്നേഹം
നിഷ്കളങ്കമായ പുഞ്ചിരി
ആത്മാർത്ഥമായ പ്രോത്സാഹനം
നിശബ്ദമായ സേവനം
മാടപ്രാവിനൊത്ത ശാലീനത
ഇതൊക്കെയാണ് ഞാനറിഞ്ഞ ചാക്കോയുടെ ചിത്രം.

വാചാലമായി സംസാരിക്കുന്ന പ്രകൃതമായിരുന്നില്ല ചാക്കോയുടേത്. എന്നാൽ ദൈവസന്നിധിയിൽ ചാക്കോ വചാലനായിരുന്നു. സെക്ഷൻ കുർബ്ബാനയിലും കരിസ്മാറ്റിക് സമൂഹത്തിലും മറ്റും ചാക്കോയുടെ ഹൃദയം തുറന്നുള്ള പ്രാർത്ഥനയും പങ്കുവെയ്ക്കലും വളരെ ശ്രദ്ധേയമായിരുന്നു.

ചാക്കോയുടെ അമ്മ സെക്ഷനിൽ വന്നു സംസാരിച്ചപ്പോൾ പറഞ്ഞ ഒരു കാര്യം ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. "ഞാൻ എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുമ്പോഴും ജെയിംസുകുട്ടി (ചാക്കോ) കൊന്തയുടെ രഹസ്യങ്ങൾ തുടങ്ങി ഓരോ പ്രാർത്ഥനകൾ എന്നോടു ചോദിക്കും. ഞാനതു പറയുമ്പോൾ ജെയിംസുകുട്ടി അത് എഴുതിയെടുക്കും." ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ ചിന്ത പെട്ടെന്ന് പോയത് ഫിലോസഫി കാലത്ത് ഊട്ടിയിലേയ്ക്ക് ടൂർ പോയതാണ്. പോകുന്ന വഴി കൊന്തയുടെ സമയം വന്നപ്പോൾ ഓരോ രഹസ്യങ്ങളും തപ്പലൊന്നും കൂടാതെ ഭംഗിയായി ചൊല്ലി. തിരിച്ചുവരുമ്പോൾ ചൊല്ലിയത് ഇംഗ്ലീഷിലായിരുന്നു. രഹസ്യങ്ങൾക്ക് പുറമേ ആദ്യത്തേയും അവസാനത്തേയും പ്രാർത്ഥനകളും ലുത്തിനിയയും നന്നായി ചൊല്ലി. എത്ര ശ്രദ്ധാപൂർവ്വം ചാക്കോ ഇതിലൊക്കെ പങ്കുകൊണ്ടിരുന്നിരിക്കണം. എപ്പോഴും എവിടേയും ദൈവനാമം ഉരുവിടുന്നതിൽ അഭിമാനം കൊണ്ടിരുന്ന ചാക്കോയുടെ സ്വഭാവം എന്നെ ഒത്തിരി ആകർഷിച്ചിട്ടുണ്ട്. ഇപ്പോൾ, ദൈവപദ്ധതിയുടെ മുന്നിൽ, ഇത്രയും നാൾ അവിടന്ന് നല്കിയ ദാനത്തിന് കൃതജ്ഞതാപൂർവ്വം കൂപ്പുകൈകളോടെ നില്ക്കാനെ സാധിക്കൂ. ഒരു ചൂണ്ടുപലകയെ എന്നോണം ഇപ്പോഴും ആ ജീവിതത്തെ ഞാൻ നോക്കി കാണുന്നു.

ഒക്ടോബർ 2 പലതുകൊണ്ടും ഇനിയും എനിക്ക് പ്രധാനപ്പെട്ട ദിവസമാണ്. ഗാന്ധിജയന്തിയായതിനാൽ നമ്മുടെ രാഷ്ട്രപിതാവിനെ പ്രത്യേകമായി ഓർക്കുന്ന ദിവസമാണല്ലോ ഇത്. ഈ ദിവസമാണ് എന്റെ പ്രിയപ്പെട്ട പെങ്ങളുടെ ജന്മദിനം. അവധി ദിവസമായതുകൊണ്ട് കൊല്ലങ്ങളായി ഈ ദിവസമാണ് വി. കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള ഞങ്ങളുടെ ഇടവക ദേവാലയത്തിലെ പുണ്യവതിയുടെ തിരുനാൾ ആഘോഷമായി കൊണ്ടാടുന്നത്. അതുകൊണ്ടുതന്നെ, ബലൂൺ കിലുക്കി അമ്മയുടെ കൈപിടിച്ചു നടന്ന നാൾ മുതൽ ഈ ദിവസം എനിക്ക് പ്രധാനപ്പെട്ടതാണ്. ഇനി മുതൽ ഈ ദിനം എന്റെ പ്രിയപ്പെട്ട സുഹൃത്തിന്റെ സ്വർലോകത്തുള്ള ജന്മദിനം കൂടിയായി തീർന്നു. അനേകം ജനങ്ങൾ 10 മണിയ്ക്ക് തുടങ്ങുന്ന ആഘോഷമായ ദിവ്യബലിയിൽ പങ്കുകൊണ്ട്, വി.കൊച്ചുത്രേസ്യായുടെ രൂപമെഴുന്നള്ളിച്ചുള്ള ദീർഘമായ പ്രദക്ഷിണത്തിനുശേഷം, പള്ളിയിൽ സമാപന പ്രാർത്ഥനകൾക്കായും തിരുശേഷിപ്പു വന്ദനത്തിനുമായി ഒരുമിച്ചുകൂടുന്ന മനോഹരവും പരിശുദ്ധമായ സമയത്തായിരുന്നു ചാക്കോയുടെ സ്വർഗ്ഗത്തിലേയ്ക്കുള്ള യാത്ര, റോസാ പുഷ്പങ്ങൾ ഭൂമിയിലേക്ക് വർഷിക്കുന്നതിൽ വി.ചെറുപുഷ്പത്തോടു കൂട്ടുചേരാൻ.

ഷാജു ഓലിയിൽ

# ചാക്കോയ്ക്ക് സ്നേഹപൂർവ്വം

ചാക്കോ, പ്രിയപ്പെട്ട സുഹൃത്തേ
തനിക്കു മരിക്കാനുകുമോ ?
തൻ സ്വന്തമാമിവരെ വിട്ട്
തനിക്കകലാനാകുമോ ?
പെട്ടെന്നിങ്ങനെ പിരിയാനാകുമോ,
മമ സുഹൃത്തേ....?
ചാക്കോ മരിച്ചു-
മരിക്കില്ലൊരിക്കലുമാ-
മഹാശക്തി മമഹൃത്തടത്തിൽ..

..........................................................

കർമ്മലസിദ്ധി കടഞ്ഞെടുക്കവേ
കരഗതമായ തനിമ
തൻെറ സ്വന്തമായിരുന്നു...
സ്നേഹത്തിൻ സ്വന്തമാം
ഭാവമുണ്ടായിരുന്നു...
നിഷ്കളങ്കതയുടെ ഭാഷയുണ്ടായിരുന്നു....

............ ............ ............ ............ ............

(ഈ കൊച്ചു കത്തിലെ
കുത്തുകൾ പേറുന്ന ഹൃത്തിൻെറ ഭാവം
സുഹൃത്തേ,
നിനക്കിപ്പോൾ ഗ്രഹണസാദ്ധ്യമാണല്ലോ)

..........................................................

ചാക്കോയ്ക്ക് ഹൃദയമുണ്ടായിരുന്നു....
ആ ഹൃദയം ഞങ്ങളായിരുന്നു...

..........................................................

ചാക്കോ മരിച്ചു,
മരിക്കില്ലൊരിക്കലുമാ-
മഹാശക്തി മമ ഹൃത്തടത്തിൽ.

സൈ

വിനയമാണ് എല്ലാ സത്ഗുണങ്ങളുടെയും അമ്മ
വോൾട്ടയർ

## എന്നും ജീവിക്കുന്ന ത്യാഗപുത്രൻ

സ്നേഹത്തിൻെറയും, ത്യാഗത്തിൻെറയും, പുത്രൻ. എല്ലാവരേയും ഒന്നുപോലെ സ്നേഹിച്ചിരുന്നു. ദേഷ്യം വന്നാൽ, അത് തമാശ രൂപേണ എടുത്തിരുന്നു. ഏതെങ്കിലും ദിവസം എന്തെങ്കിലും പാകപിഴ വന്നുപോയിട്ടുണ്ടെങ്കിൽ അന്നെ ദിവസം കിടക്കുന്നതിന് മുമ്പ് അതിനു പ്രാശ്ചിത്തം ചെയ്യുമായിരുന്നു. ഞാൻ ഓർക്കുന്നു, നൊവീഷ്യേറ്റിൽ വച്ച്, തലയിണയ്ക്ക് പകരം കരിങ്കല്ലിൽ തലവച്ച് ചാക്കോ ഉറങ്ങുമായിരുന്നു. കിടക്ക ഉപയോഗിക്കാതെ വെറും പലകക്കട്ടിലിൽ അന്തിയുറങ്ങിയരുന്നു. നൊവീഷ്യേറ്റിലെ റബ്ബർ തോട്ടത്തിൽ വച്ച് ഞങ്ങൾ രണ്ട് പേരും ധാരാളം സംസാരിക്കുമായിരുന്നു. ഒരിക്കൽ ചാക്കോച്ചൻ എന്നോട് പറഞ്ഞു, മാത്യു, എനിക്ക് ആരും അറിയപ്പെടാത്ത ഒരു വിശുദ്ധൻ ആകണം. ഞാൻ അവനെ വിളിച്ചിരുന്നത് 'പുണ്യവാളൻ ചാക്കോ' എന്നായിരുന്നു. ഇന്ന് അത് സഫലമായി എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. അവൻെറ വേർപാടിൻെറ വേദന ഇന്നും എൻെറ മനസ്സിൽ തളം കെട്ടിനില്ക്കുന്നു. ഇല്ല, എൻെറ ചാക്കോച്ചൻ മരിച്ചിട്ടില്ല. ഇന്നും അവൻ നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. സ്വർഗ്ഗത്തിൽ നമ്മെയും നോക്കി ഇരിക്കുന്നു ചാക്കോച്ചനോട് നമ്മുക്ക് മാദ്ധ്യസ്ഥ്യം അപേക്ഷിക്കാം. ത്യാഗത്തിൻെറ പുത്രാ വിട.

മാത്യു ഞാറക്കുളം

---

തനിക്കുണ്ടാകുന്ന സുഖദു:ഖങ്ങൾ പോലെ തന്നെയാണ് മറ്റുള്ളവരുടേയും എന്നറിയുന്നവനാണ് ശ്രേഷ്ഠൻ.

ഭഗ്വത് ഗീത.

---

**Heaven knows its time; the bullet has its billet.**
*Walter Scott*

## സ്നേഹപ്രവാഹം

ചാക്കോച്ചാ, സ്നേഹമായ്, സ്നേഹപ്രവാഹമായ് നീ സമൂഹത്തിലേക്ക് കടന്ന് വന്നു. തത്വശാസ്ത്രപഠനത്തിനായി നീ ധർമ്മാരാമിലേക്ക് വന്നപ്പോൾ എന്നെ നോക്കിയുള്ള നിൻെറ നിഷ്കളങ്കമായ ചിരി എൻെറ മനസ്സിൽ മായാതെ നിറഞ്ഞുനിൽക്കുന്നു. എപ്പോഴും സ്വയം താഴ്ത്തി മറ്റുള്ളവരുടെ നന്മമാത്രം കണ്ട് അവരെ വളർത്തുവാൻ മാത്രം ആഗ്രഹിച്ച നിൻെറ വ്യക്തിത്വം മറക്കാൻ സാധിക്കുകയില്ല.

സ്നേഹിക്കുവാൻ മാത്രം അറിയാവുന്ന നീ, എല്ലാവർക്കും സ്നേഹം മാത്രം പങ്കുവച്ച്, സ്നേഹപൂർവ്വം തന്നെ കടന്നുപോയല്ലോ. നിൻെറ ഡയറിയിൽ ഏറ്റവും അവസാനം നീ കുറിച്ചുവച്ച വാക്കുകൾ;

"ഈ ലോകത്തിലെ സുകൃതങ്ങളാണ്
പരലോകത്തിലെ സമ്പത്ത്"

എൻെറ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു, എന്നെ ചിന്തിപ്പിക്കുന്നു. ആ സമ്പത്ത് സ്വന്തമാക്കി നീ കടന്നുപോയി.

വിടരാൻ തുടിച്ച പൂവിനെ വിടർത്തുന്ന തോട്ടക്കാരൻ അടർത്തിയെടുത്തു. ആ പുഷ്പം ഇനി അവിടുത്തെ സന്നിധി അലങ്കരിക്കട്ടെ.

ബിജു കൂട്ടപ്ളാക്കൽ

## ഒരു ചെറുപുഷ്പം കൂടി

വിനയത്തിൻെറ താഴ്വരയിലൂടെ മാത്രമേ സുകൃതങ്ങളൊഴുകൂ എന്ന് മനസ്സിലാക്കി ജീവിച്ച യോഗീവര്യൻ.
സർഗ്ഗാത്മകമായ ഒരു വ്യക്തിത്വത്തിൻെറ ഉടമ.
സ്നേഹിക്കുന്നതിലും സഹായിക്കുന്നതിലും സഹകരിക്കുന്നതിലും സന്തോഷിപ്പിക്കുന്നതിലും മുൻപൻ.
സ്വർഗ്ഗരാജ്യത്തിൻെറ പുളിമാവുകൊണ്ട് നിരവധി പേരെ പുളിപ്പിച്ച ഒരു യഥാർത്ഥ സി.എം.ഐ സന്യാസി.
ജനനത്തിലും ജീവിതത്തിലും മരണത്തിലും വി.ചെറുപുഷ്പവുമായി നിരവധി സാമ്യമുള്ള ചാക്കോ, സ്വർഗ്ഗത്തിൽ നിന്ന് അനുഗ്രഹങ്ങളാകുന്ന റോസാ പുഷ്പങ്ങൾ വർഷിക്കാൻ, കർമ്മലയിൽ മൊട്ടിട്ട് സ്വർഗ്ഗത്തിൽ വിരിഞ്ഞ മറ്റൊരു പുഷ്പം.

വിൽസൻ ചക്കിയത്ത്

# മറക്കാനാവാത്ത ഓർമ്മ

പുഞ്ചിരി തൂകിക്കൊണ്ട് ഏവരെയും മയക്കുന്ന
ലാളിത്യത്താൽ നിറഞ്ഞിടും പ്രിയ സോദരാ
സാധിച്ചില്ല മറന്നീടാൻ എത്രമാത്രം ശ്രമിച്ചിട്ടും
പുഞ്ചിരിയാൽ നിറയുന്ന നിൻെറ വെൺമുഖം.

ഒരുത്തരേം ദ്രോഹിക്കാതെ, സ്നേഹം മാത്രം പകർന്നു നീ
പറയാതെ കടന്നങ്ങ് പോയതോർക്കുമ്പോൾ
വേദനയാൽ നിറയുന്നു കണ്ണുനീർ പൊടിഞ്ഞീടുന്നു
അറിയാതെ നിശ്വാസങ്ങൾ പൊന്തിവരുന്നു.

ഒരു വാക്കുകൂടെ നിന്നോടുരചെയ്തെന്നാശ്വസിക്കാൻ
അവസരം നല്കിടാതെ പൊടുന്നനവേ
ശകടത്തിൻ ചക്രങ്ങളെ പുണർന്നു നീ അകന്നത്
ഓർമ്മിക്കുമ്പോൾ ഏറിടുന്നു വിരഹ ദുഃഖം.

നിൻെറ സ്നേഹം നിറഞ്ഞങ്ങ് തുളുമ്പിയി ഭവനത്തിൽ
എവിടെയും നിൻെറ മുഖം തെളിഞ്ഞീടുന്നു
സ്നേഹവായ്പാൽ കൈകൾ കാട്ടി വിളിക്കും നിൻ രൂപം
എവിടെയും കണ്ണുകളിൽ വിരിഞ്ഞിടുന്നു.

മറക്കുവാൻ സാധിക്കില്ല മറക്കുവാൻ ശ്രമിച്ചാലും
മറമാറ്റി മുന്നിൽ തന്നെ മരുവുന്നു നീ
മനസ്സിൻെറ കൊടും വ്യഥ മാറുവാനായ് സഹോദരാ
മറുമരുന്നെന്തുണ്ടെന്ന് മാനമേയില്ല.

ചിരിച്ചും കളിച്ചും നമ്മൾ ഇവിടെ നടന്നപോലെ
ഇനിയെന്നു നടക്കുവാൻ ഭാഗ്യമുണ്ടാകും?
നിത്യപിതാഭവനത്തിൽ നമുക്കെല്ലാമൊരുമിച്ച്
സ്തുതിഗാനം പാടാൻ വരം ആശിച്ചിരിക്കാം.

ഒരിക്കലും മടങ്ങാത്ത യാത്ര പോയ സഹോദരാ
നിൻെറ ലക്ഷ്യം പെട്ടെന്ന് നീ പ്രാപിച്ചപോലെ
നിൻ സോദരർ ഞങ്ങളുടെ യാത്രയും ലക്ഷ്യത്തിലെത്താൻ
നാഥനോട് നിത്യവും നീ പ്രാർത്ഥിച്ചീടണേ.

തോമസ് പാണ്ടിപ്പള്ളി

## വിതുമ്പുന്ന ഓർമ്മകൾ

ഓർമ്മകൾ...
ചിതറി വീഴുമാ ചില്ലുകൾ ഒന്നുചേരുമ്പോൾ
നിൻമുഖാമണതിൽ തെളിയുന്നത്.
തീരം തേടും തിരകളെപ്പോൾ വീണ്ടും വീണ്ടും
നീയെൻ ഹൃദയത്തിൽ ജനിക്കയാണ്.

ജെയിംസുകുട്ടി,
ഇത്രയും നാൾ ഞാനറിഞ്ഞ, സ്നേഹിച്ച,
സ്വന്തമാക്കിയ ജീവൻ തുളുമ്പുന്ന സത്യം.
നീയകന്നാലും നീ മറഞ്ഞാലും
നിന്നോർമ്മകൾക്കു മാത്രം മരണമില്ല, സ്നേഹിതാ.

---

ഒരു കബറിടം
നീ ഒതുങ്ങിക്കഴിയുന്ന വീട്
അവിടെ ആരാണ് നിനക്ക് കൂട്ടിനുള്ളത്?
ആ കബറിടം വിട്ട് നീ
സ്വർഗ്ഗരാജ്യത്തിലെത്തുന്നതെന്നാണ്?
നിൻെറ ഡാഡി പറഞ്ഞു:
"എൻെറ മോനിപ്പോൾ സ്വർഗ്ഗത്തിലെ ഒരു മാലാഖയാണ്."
നിൻെറ മമ്മി പറഞ്ഞു
"ചെറുപ്പത്തിലേ അവൻ ഒരു മാടപ്രാവായിരുന്നു."
എന്നുമെന്നും എൻെറ പിന്നാലെ
ഒരു മാൻകിടാവായ് തുള്ളിച്ചാടി വന്നിരുന്ന നീ,
-ക്ലാസ്സ് റൂമിലിരുന്ന് നുള്ളുമ്പോൾ
നുള്ളാതെടാ കൊച്ചനെ" എന്ന് സ്നേഹപൂർവ്വം
എതിർക്കുന്ന നീ.

---

കാരംസ് കളിയിൽ തുടർച്ചയായി എന്നെ
തോല്പിച്ചിരുന്ന നീ
ഒടുവിൽ പന്തയം വച്ച് എന്നെ
വിജയിപ്പിച്ചിരുന്ന നിൻെറ വിനയഭാവം എല്ലാം
എനിക്കെന്നും ഒരു മാതൃകയാണ്.

-ഞങ്ങളോടൊപ്പം കഴിയുന്നതിലാനന്ദവും
അതിലേറെ ഭാഗ്യവുമായിക്കരുതിയിരുന്ന
നിൻെറ സ്നേഹം എത്രയോ മഹത്തരം.

സ്നേഹിതാ,
നിന്നോടൊത്ത് കഴിഞ്ഞ
നല്ല നാളുകളുടെ ഓർമ്മകൾ
എനിക്കെന്നും
ഒരു ദിവ്യാനുഭവമാണ്.

സ്വർഗ്ഗീയഭവനത്തിൽനിന്ന്
വി.കൊച്ചുത്രേസ്യയോടൊപ്പം
ഭൂമിയിൽ പൂക്കൾ വിതറാൻ വരുമ്പോൾ
ഈ പാവം സ്നേഹിതനേയും
അനുഗ്രഹിക്കണേ.

ഫിലിപ്സ്

## നന്ദി.... ഈ ചെറിയവരിൽ ഒരുവന്...

ചാക്കോ ഇന്ന് ജീവിക്കുന്ന ഒരോർമ്മയാണ്. നൊമ്പരപ്പെടുത്തുന്ന ഒരുപാട് നല്ല ഓർമ്മകൾ നൽകി കടന്നുപോയ ചാക്കോ. ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ എൻെറ ഒരകന്ന ബന്ധു റോഡപകടത്തിൽപ്പെടുകയുണ്ടായി. അദ്ദേഹത്തിൻെറ അവസ്ഥ അല്പം ഗുരുതരമായിരുന്നു. അദ്ദേഹത്തിന് A+ve രക്തം വളരെ അത്യാവശ്യമായി വന്നു. രക്തമന്വേഷിച്ച് അദ്ദേഹത്തിൻെറ ചില അടുത്ത ബന്ധുക്കൾ ധർമ്മാരാമിൽ വന്നപ്പോൾ A+ve രക്തമുള്ളവരെ പെട്ടെന്ന് കണ്ടെത്താൻ കഴിഞ്ഞില്ല. ശനിയാഴ്ചയായതുകൊണ്ട് പലരും പുറത്ത് പോയിരുന്നു. ഇക്കാര്യം എങ്ങനെയോ കേട്ടറിഞ്ഞ ചാക്കോ ഓടിവന്ന് സ്വതസിദ്ധമായ പുഞ്ചിരിയോടെ പറഞ്ഞു "എൻെറ രക്തം എടുത്തുകൊള്ളുക, A+ve ആണ് എൻേറത്". ചാക്കോ രക്തം കൊടുത്തയാൾ ജീവിച്ചു. മിക്കപ്പോഴും ആ മനുഷ്യനെക്കുറിച്ച് ചാക്കോ അന്വേഷിക്കുമായിരുന്നു, അയാളുടെ ചികിത്സയെകുറിച്ച്, ആരോഗ്യത്തെപറ്റി.

ചാക്കോ, നീ മരിച്ചിട്ടില്ല. നി ജീവിക്കുന്നു, നീ കൊടുത്ത രക്തത്തിലൂടെ, നീ പകർന്ന സ്നേഹത്തിലൂടെ നീ നീക്കി വച്ച ഓർമ്മകളിലൂടെ.

മാത്യു നെല്ലേടത്ത്

## ഓർമ്മയിൽ ഒരു വസന്തം

ചാക്കോ......
ചിരിക്കാൻ മടിക്കാത്ത
സ്നേഹിക്കാൻ മറക്കാത്ത
മതിവരെ സഹായിച്ച
സ്വയം താഴ്ത്തി
സോദരനെ വളർത്തി
വളർച്ചയടെ പൂർണ്ണതയിൽ
ഉടയവനിൽ ലയിച്ച
ഒരുത്തമ സുഹൃത്ത്.
ഉള്ളുകീറി വകയുന്ന തുഴക്കാരേയും
നെഞ്ചലച്ചു നീന്തിത്തുടിക്കുന്ന കുട്ടികളേയും
ഉദരം മാന്തി കാതൽ കവരുന്ന
മണൽ വാരികളേയുമൊക്കെ സഹിച്ച്
ആരോടും പരിഭവമില്ലാതെ
പുഴപോലെ ഒഴുകിയ ആ ജീവിതം.

അണയാത്ത ദീപമായ് അകലാത്ത ബന്ധമായ്
ഓർമ്മയിൽ ഒരു കൊച്ചു പുഷ്പമായ് വിരിയുന്നു നീ.

റിജോ താന്നിക്കൽ

## ഓർമ്മയുടെ പൂവിതളിലെ ഒരു തുഷാരബിന്ദു

ആത്മബന്ധത്തിൻെറ ഇഴകൾ മുറിച്ചുമാറ്റുമ്പോൾ
ഉണ്ടാകുന്ന വേദന ആദ്യമായി അനുഭവിച്ചത്
നിൻെറ വിടവാങ്ങലിൻെറ അന്നാണ്.

ഒരു പാടുപേർക്ക് സാന്ത്വനമേകി,
ഒരു കുളിർത്തെന്നലായ് കടന്നുവന്ന ചാക്കോച്ചാ
നീ പിരിഞ്ഞുപോയപ്പോൾ ഉറഞ്ഞുകൂടിയ
ദുഃഖം മനസിൻെറ അടിത്തട്ടിലെവിടെയോ
ഇനിയും ഉരുകിയൊലിക്കാതെ കിടക്കുകയാണ്.

## സ്മരണകളിലെ സതീർത്ഥ്യൻ

പ്രിയ സ്നേഹിതാ,
മനസ്സിൻെറ മുറിവുകളുണക്കുന്ന
നറും പുഞ്ചിരിയുമായി നീ ജീവിച്ചു.
എല്ലാവരെയും വളർത്തി, സ്വയം വളർന്ന
സ്നേഹിതാ, നിനക്ക് വിട.
വേദനകളില്ലാത്ത, പരാതികളില്ലാത്ത
സ്നേഹം മാത്രം ലഭിക്കുന്ന ഒരു ലോകം
നിൻെറ സ്വന്തമാകട്ടെ.

ജെയ്സൺ പുത്തൂർ

## ഇന്നും ജീവിയ്ക്കുന്ന ചാക്കോ

1996 ഒക്ടോബർ 2, ഒരു ബുധനാഴ്ച.....
എൻെറ ജീവിതത്തിലെ 'കറുത്ത ബുധൻ' എന്ന് പേരിട്ടാൽ
തെറ്റില്ലെന്ന് കരുതുന്നു. മരണം എന്ന യാഥാർത്ഥ്യം ഇത്രയേറെ
വേദനയുളവാക്കുമെന്ന് അന്നാണറിഞ്ഞത്.

പ്രാർത്ഥനാഗാനങ്ങൾ ആലപിക്കുന്നവരോടൊപ്പം
ശബ്ദമുയർത്താൻ ഞാനും ശ്രമിച്ചുനോക്കി.
എനിക്കു മനസ്സിലായി എനിക്കതിനു കഴിയില്ല....
ചാക്കോയുടെ മരണത്തെ സ്വീകരിക്കുവാൻ
മനസ്സ് ഒരുക്കമല്ലായിരുന്നു.....
ആരെ ആശ്വസിപ്പിക്കും..ആർക്കുമറിയില്ല....
അത്രയേറെ പ്രകാശം പരത്തിയ
ജിവിതമായിരുന്നു അത്.
ഏറ്റം ഇഷ്ടപ്പെട്ടതിനെ ദൈവം തനിക്ക് കൂട്ടായി
വിളിച്ചു എന്നു ഞാൻ വിചാരിക്കട്ടെ......
ഒരു വിശുദ്ധനെ കാണാനും പത്ത് വർഷം കൂടെ
ജിവിക്കുവാനും ഭാഗ്യം ലഭിച്ചതിൽ
ഞാൻ അഭിമാനിക്കുന്നു.
എനിക്കേറ്റം ഇഷ്ടപ്പെട്ട ഒരു കാര്യം കൂടി
കുറിക്കട്ടെ - അദ്ധേഹത്തിന് പരാതി പറയാൻ
അറിയില്ലായിരുന്നു..........
ചാക്കോ.....'മനുഷ്യ'നായിരുന്നു എന്ന് പറഞ്ഞാൽ
പൂർത്തിയാവില്ല.......'മനുഷ്യത്വം'
കാണിച്ചിരുന്നു എന്നുകൂടിപ്പറയണം.............

തോമസ് സി.സി.

## വാടാമലർ

വിടർന്ന് വികസിച്ച് സൗരഭ്യവും
സൗന്ദര്യവും പേറിനിൽക്കുന്ന ഒരു കൊച്ചുപൂവ്.
നിസ്സംഗനായി കടന്നുപോകുന്നവനും
ഒരു നിമിഷം നോക്കി നിൽക്കും,
തൊട്ടു തലോടി
സൗന്ദര്യവും സൗരഭ്യവും സ്വന്തമാക്കി
സന്തോഷത്തോടെ യാത്ര തുടരും.
ധർമ്മത്തിൻെറ ആരാമത്തിൽ
വിടർന്ന് വികസിച്ച്
സൗന്ദര്യവും സൗരഭ്യവും പേറിനിന്ന
ഒരു കൊച്ചുപൂവ്.
ആ സുന്ദര പുഷ്പത്തെ വാടുന്നതിന് മുമ്പേ
തോട്ടക്കാരൻ ഇറുത്തെടുത്തു.
ശുദ്ധീകരിക്കുവാനും
സാന്ത്വനം നൽകുവാനും
സഹോദരനെയും സമൂഹത്തേയും
ദീപ്തമാക്കുവാനും സൃഷ്ടിചെയ്യപ്പെട്ടവൻ.
സൗഹൃദവും സഹകരണവും പുലർത്തി
എന്തിൻെറയും നല്ല വശങ്ങൾ കാണുകയും
ഉല്ലാസവാനായി ജീവിക്കുകയും ചെയ്തവൻ.
ദൈവത്തെ കാണുവാനായി
ദൈവത്തെ സ്പർശിക്കുവാനായി
മരണത്തിൻെറ അന്ധകാരത്തിൽ ഉറങ്ങുന്നു.
തൻെറ രക്ഷകൻെറ വരവിനായി കാത്തിരിക്കുന്നു.
നൈമിഷികമായി ഈ ജീവിതം പൂർത്തിയാക്കി
അവൻ മുകളിലേക്ക് ഉയർന്ന്
അനന്തതയിലേക്ക് നിത്യതയിലേക്ക്
തൻെറ പിതാവിൻെറ ഭവനത്തിലേക്ക്
നിത്യമായ ജീവിതം തുടരാൻ
ഒന്നായിത്തീരുവാൻ, യാത്രയായി.
യേശുവിൻെറ അൾത്താരയിലേക്ക്
ഇറുത്തെടുക്കപ്പെട്ട സുന്ദര പുഷ്പമെ
നീ എന്നും സൗന്ദര്യമുള്ളവനായിരിക്കും
മറക്കില്ലൊരിക്കലും നിൻെറ സൗരഭ്യം.

സണ്ണി കൊച്ചുകരോട്ട്

## ഒരു പുണ്യം

അഗാധ ജലാശയത്തിൽ ഓളങ്ങളില്ല.
ആത്മീയ ചൈതന്യത്താൽ തൻ ആത്-
മാവിൻ ആഴങ്ങളെ നിറച്ച്
പ്രക്ഷുബ്ധത സൃഷ്ടിക്കാതെ......വന്നു...കടന്നുപോയ് അവൻ......

മധുമയ വീണതൻ സാന്ദ്ര ശ്രുതിപോൽ....
സ്നേഹത്തിൻ, പുഞ്ചിരിതൻ മുത്തുകൾ വിതറി
സഹജീവികൾ തൻ ഹൃത്തടം
ആനന്ദപൂരിതമാക്കി.....വന്നു.....കടന്നുപോയ്..... അവൻ

മാതാവും യൗസേപ്പിതാവും കാണിച്ച
നിശബ്ദ സേവനത്തിൻ വഴി-അതുപോൽ പിന്തുടർന്ന്
മാതൃകയായ് ഉൾപ്രേരണയായ്
വന്നു കടന്നു പോയ് അവൻ...നമ്മുടെ...പ്രിയ ചാക്കോച്ചൻ....
ആ മധുര ഓർമ്മകൾ തൻ മുന്നിൽ....പ്രണാമം....പ്രണാമം.

ഒറ്റപ്ലാക്കൽ

## നേട്ടമാണിത്......

വേദനയാണ് മരണം സമ്മാനിച്ചതെങ്കിലും മനസ്സു പറഞ്ഞു,
നേട്ടമാണിതെന്ന്.
നശ്വരതയും സമാധാനരാഹിത്യവും കൂട്ടിനുവരുന്ന ലോകത്തിൽ
കറപുരളുന്നതിനു മുമ്പേ പറുദീസ അനുഭവിക്കാൻ ഭാഗ്യം
സിദ്ധിച്ച എന്റെ സുഹൃത്ത്.....കാരംസ് ബോർഡിന്
മുമ്പിലിരുന്ന് എതിർ കളിക്കാരോട് "സൂപ്പർ"
പറഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന ചാക്കോച്ചൻ.....
ചെറുപുഞ്ചിരിയുമായി ഓരം ചേർന്ന് നടന്നു നീങ്ങുന്ന
എന്റെ സഹോദരൻ എന്റെ കണ്ണിൽ നിന്നും മായുന്നില്ല.
ചാക്കോച്ചന്റെ ശാന്തത എന്നെ ചിന്തിപ്പിച്ചിട്ടുണ്ട്,
ശാന്തനാകാൻ.
"ശാന്തശീലർ ഭാഗ്യവാന്മാർ, അവർ ഭൂമി അവകാശമാക്കും."
അവകാശമാക്കിയ ഭൂമിയുടെ ആധാരവുമായി സ്വർഗ്ഗം
കൈവശമാക്കാൻ പോയ എന്റെ പ്രിയ ചാക്കോച്ചനെ
ഓർക്കുമ്പോഴൊക്കെ മനസ്സു പറയുന്നു, നേട്ടമാണിതെന്ന്.

സോയി പാറശ്ശേരിൽ

# കൂട്ടത്തിൽ നല്ലതാം പൂവിനെ....

പ്രിയപ്പെട്ട ചാക്കോച്ചാ....ഞങ്ങൾക്ക് താലോലിക്കാൻ കുറെ നല്ല ഓർമ്മകൾ തന്നിട്ടു നീ പോയി അല്ലേ....! പുഞ്ചിരിക്കുന്ന നിൻെറ മുഖം മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ. നിൻെറ നാവിൽ നിന്നും നന്മമാത്രമേ ഞാൻ കേട്ടിട്ടുള്ളു. നീ എന്തേ ഇത്ര പെട്ടന്ന് യാത്രയായി? എനിക്കറിയാം, നിന്നെക്കുറിച്ചൊത്തിരി പറയുന്നത് നിനക്കിഷ്ടമല്ല... നിന്നെ ഓർത്ത് ഞങ്ങൾ കരഞ്ഞാൽ അതും നിനക്കിഷ്ടമാകില്ല. പക്ഷേ, നിന്നെകുറിച്ചുള്ള ഓർമ്മകൾ... ഒന്നല്ല...പത്തല്ല... പതിനായിരക്കണക്കിന് ഓർമ്മകൾ...ശരിക്കും വേദനിപ്പിക്കുന്നു ചാക്കോച്ചാ...

എനിക്ക് നിന്നെ ഒത്തിരി ഇഷ്ടമായിരുന്നു... പലമുഖങ്ങൾ ഒരിക്കലും നിന്നിൽ ഞാൻ കണ്ടിട്ടില്ല...കൂട്ടുകാരുടെ മുമ്പിലും, അധികാരികളുടെ മുമ്പിലും, നാട്ടുകാരുടെ മുമ്പിലും നിനക്കൊരേയൊരു മുഖം മാത്രം... പണിസ്ഥലത്തും, കളിസ്ഥലത്തും ,പ്രാർത്ഥനാമുറിയിലും, പഠന മുറിയിലും നിനക്കൊരേയൊരു മുഖം മാത്രം... ചാക്കോച്ചൻ തന്നെ പോകണം നാഥൻെറ കൂടെയിരിക്കാൻ ഞങ്ങളിൽ ഏറ്റവും യോഗ്യൻ ചാക്കോച്ചാ, നീ തന്നെ. എനിക്കൊന്നെ പറയാനുള്ളൂ, ഒത്തിരി ഒത്തിരി നന്ദി... നിൻെറ കലർപ്പില്ലാത്ത സ്നേഹത്തിന്, അപരിമിതമായ ഔദാര്യത്തിന്... മറക്കരുത്... ഞങ്ങളെ ഒരിക്കലും... ഒരിക്കലും.... പ്രാർത്ഥിക്കണം... നിന്നെപ്പോലെ നിഷ്കളങ്കമായി ജീവിക്കുവാൻ...

സാബു കൂടപ്പാട്ട്

---

മഹത്വത്തിൻെറയും ശ്രേഷ്ഠതയുടെയും
ഉരകല്ല് വിനയമാണ്

ജോൺ റസ്കിൻ

## കുഞ്ഞാടുകളെ സ്നേഹിച്ച കുഞ്ഞുമാലാഖ

ഒക്ടോബർ 2- നമ്മുടെയൊക്കെ കലണ്ടറുകളിൽ ചുവന്ന അക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിനം. പൂക്കളെ സ്നേഹിച്ച ചെറുപുഷ്പത്തിന്റെ തിരുനാളിന്റെ പിറ്റെന്നാൾ. കാവൽ മാലാഖമാരുടെ തിരുനാൾ ദിനം. അന്നാണ് കുഞ്ഞാടുകളെ സ്നേഹിച്ച, കുഞ്ഞാടിന്റെ നിർമ്മലതയുള്ള ചാക്കോച്ചൻ ഉറ്റവരോടും ഉടയവരോടും യാത്രാമൊഴി ചൊല്ലി പിരിഞ്ഞത്. തോമസ് കളത്തിലച്ചൻ പറഞ്ഞു "ഒരു പ്രാണിയേ പോലും നോവിക്കാത്ത നല്ല ശെമ്മാശ്ശൻ - ഒരു തങ്കക്കുടം". ശവസംസ്ക്കാരത്തിൽ പങ്കെടുത്ത ഒരു ശെമ്മാശ്ശൻ പറഞ്ഞു "ഒരു വിശുദ്ധന്റെ ശവസംസ്ക്കാരത്തിൽ പങ്കെടുത്തതുപോലെ."

ചാക്കോച്ചൻ എനിക്കൊരു നല്ല സുഹൃത്തായിരുന്നു. മരിക്കുന്നതിന് ഏതാനും മിനിറ്റുകൾക്ക് മുമ്പ് ഒരേ മേശയിലിരുന്ന് ഭക്ഷണം കഴിച്ച് തമാശകൾ പറഞ്ഞു പിരിഞ്ഞു. അതവസാന കണ്ടുമുട്ടലാകുമെന്ന് സ്വപ്നേപി നിനച്ചിരുന്നില്ല. കാവൽ മാലാഖമാർ തങ്ങളുടെ തിരുനാൾ ദിവസം തന്നെ മാലാഖമാരുടെ ഗേഹത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുമെന്ന് അദ്ദേഹത്തിനറിയില്ലായിരുന്നു.

പ്രിയപ്പെട്ട ചാക്കോച്ചാ, നീ മരിച്ചാലും ഞങ്ങളുടെ ഓർമ്മകളിൽ നിഷ്കളങ്കമായ ആ പുഞ്ചിരിയും, കറ തീർന്ന സ്നേഹവും ത്യാഗമനോഭാവവും, അർപ്പണബോധവും മാറാതെ മറയാതെ നിലനിൽക്കും.

ഞങ്ങൾക്കു മുമ്പേ സ്വർഗ്ഗത്തിലേക്ക് പറന്നുയർന്ന വെള്ളി പ്രാവേ, മാലിന്യമേശാതെ ജീവിക്കാൻ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണേ.

<u>തറക്കുന്നേൽ</u>

**<u>Death is the gate of life.</u>**

***Latin Proverb***

# സ്വർഗ്ഗത്തിലേയ്ക്കൊരു കത്ത്

ചാക്കോച്ചാ, നിന്നെകുറിച്ച് എന്തെഴുതണം എന്നെനിക്കറിഞ്ഞുകൂടാ. ഒരു നിമിഷം കാണുകയാണെങ്കിൽ വളരെയധികം കാര്യങ്ങൾ സംസാരിച്ച് തീർക്കാനുണ്ട്. സന്തോഷകരമായവയെ മാത്രം സ്വീകരിക്കാനും, ദുഃഖങ്ങളെ അകറ്റി നിർത്താനുമാണ് മാനുഷികാഭിവാഞ്ഛ. പക്ഷെ,ഞങ്ങളുടെ ജീവിത സന്തോഷങ്ങളിൽ നിൻെറ മരണം മൂലമുണ്ടായ ദുഃഖം കൂടിയുണ്ടെങ്കിലെ ഞങ്ങളുടെ സന്തോഷത്തിന് പൂർണ്ണതയുള്ളു.

ചാൾസ് ഡിക്കൻസിൻെറ "ക്രിസ്മസ് കരോൾ" എന്ന നോവൽ വായിച്ച ചാക്കോച്ചൻ അതിലെ ഒരു പ്രധാന ഭാഗം എന്നെ വായിച്ചു കേൾപ്പിക്കുകയുണ്ടായി. അതിപ്രകാരമാണ്.

"ഓരോ മനുഷ്യനും ചെയ്യേണ്ടതായ
ഒരു കാര്യമുണ്ട്" പ്രേതം പറഞ്ഞു.
"അവൻ ജീവിച്ചിരിക്കുമ്പോൾ ഉള്ളിലുള്ള
ആത്മാവ് സഹജീവികളോടൊപ്പം
ഇടപഴകണം, വിസ്തൃതമായി സഞ്ചരിക്കണം,
അവരുടെ അനുഭവങ്ങൾ പങ്കിടണം,
മറ്റുള്ളവരുടെ ജീവിതം ആനന്ദദായക-
മാക്കാൻ ശ്രമിക്കയും വേണം. അങ്ങനെ
ചെയ്തില്ലെങ്കിൽ അവർക്ക് മടങ്ങിവരേണ്ടി
വരും. ഇങ്ങനെ ലോകത്തിൽ ചുറ്റി
നടക്കേണ്ടി വരും. അപ്പോൾ അവർക്ക്
പങ്കിടാനാവാത്ത കാര്യം അവർ കാണും,
ലഘൂകരിക്കാനാവാത്ത ദുഃഖവും കഷ്ടതയും
അവർക്ക് നിസ്സഹായരായി കണ്ടു നിൽക്കേണ്ടി
വരും, വളരെ കയ്പേറിയ ശിക്ഷയാണിത്.

മരണത്തിന് ഏകദേശം ഒരാഴ്ച മുൻപ് വായിച്ച നോവലാണിത്. ഈ നോവലിൻെറ സംഗ്രഹമറിയാവുന്ന ഞാൻ ചാക്കോച്ചനോട് തമാശയായി പറഞ്ഞു. നമ്മിൽ രണ്ട് പേരിൽ ഞാനായിരിക്കും ആദ്യം മരിക്കാൻ സാധ്യത. മരിച്ചു കഴിഞ്ഞാൽ ആദ്യം ചാക്കോച്ചനെ അന്വേഷിച്ച് ഞാൻ മുറിയിൽ വരും. തുടർന്ന് ആ നോവലുമായി താരതമ്യം ചെയ്ത് സംസാരിക്കാൻ സാധിച്ചില്ല. കാരണം അതിലെ പ്രധാന കഥാപാത്രമായ ദുരാഗ്രഹിയായ

എബ്നേസർ സ്ക്രൂജിനെ ചാക്കോച്ചനുമായി ബന്ധപ്പെടുത്താൻ കഴിഞ്ഞില്ല. വിധിയും മറിച്ചായിരുന്നതിനാൽ ദൈവം ചാക്കോച്ചനെ ദൈവസന്നിധിയിലേക്ക് വിളിച്ചു. അന്ന് ചാക്കോച്ചൻ വായിച്ച് കേൾപ്പിച്ച ആ ഭാഗം വേണ്ടത്ര ഗൗരവത്തോടെ പരിഗണിച്ചിരുന്നില്ലെങ്കിലും ഇന്ന് ആ വാചകങ്ങൾ എന്നോടും നിങ്ങളോടും സംസാരിക്കുന്നതായി തോന്നുന്നു. "ലോകത്തിൽ മറ്റുള്ളവർക്കായി സ്വർഗ്ഗം നിർമ്മിക്കുന്നവർക്കേ മരണാനന്തരം തനിക്ക് തന്നെ സ്വർഗ്ഗത്തിന് അർഹതയുള്ളൂ." എന്ന് സത്യം.

പലപ്പോഴും ചാക്കോച്ചാ, നീ ഈ ലോകത്തിൽ നിന്ന് അകലെയാണെന്ന് ചിന്തിക്കാൻ എന്നെകൊണ്ടാകുന്നില്ല. നിന്നെ കാണാനായില്ലെങ്കിലും ഇന്നും നീ ഞങ്ങളോടൊപ്പം വസിക്കുന്നു. നാം ഒരുമിച്ച് പഠിച്ച കോളേജിൽ, നാം ഒന്നിച്ച് വളർന്ന സെക്ഷനിൽ, നാം ഒരുമിച്ച് പ്രാർത്ഥിച്ച പ്രാർത്ഥനാമുറിയിൽ നാം ഒരുമിച്ച് കളിച്ച കളി കോർട്ടുകളിൽ, ഉല്ലാസമുറിയിൽ ഇന്നും നിന്നെ കാണാൻ ഞങ്ങൾക്ക് സാധിക്കുന്നുണ്ട്. നിന്റെ സാന്നിധ്യത്തെ മാറ്റിനിർത്തി പഠിക്കുവാനോ, പ്രാർത്ഥിക്കുവാനോ, പ്രവർത്തിക്കുവാനോ ഞങ്ങൾക്ക് സാധ്യമല്ല.

നിഷ്കളങ്കമായും, ആത്മാർത്ഥമായും നീ ഞങ്ങളെ സ്നേഹിച്ചു. നിന്റെ കൈയിൽ ഉള്ളത് മറ്റുള്ളവർക്ക് കൊടുക്കാൻ നീ മടി കാണിച്ചില്ല. നിന്റെ ബുദ്ധിശക്തിയുപയോഗിച്ച് പഠിച്ചകാര്യങ്ങൾ നിന്റെ സഹോദരങ്ങളുമായി പങ്കുവച്ചു. ഇവിടെ അന്വേഷിക്കുന്നവനല്ല കണ്ടെത്തിയത് അന്വേഷിക്കുന്ന വ്യക്തിയെ നീ കണ്ടെത്തി അവനെ സഹായിച്ചു. ഞങ്ങളുടെ പഠനാവശ്യങ്ങൾക്കായി നീ ഞങ്ങളുടെ വാതിലുകൾക്ക് മുൻപിൽ നോട്ടുമായി നിൽക്കുന്ന ചിത്രം ഇന്നും ഞങ്ങളുടെ മനസിൽ തെളിഞ്ഞു നിൽക്കുന്നു. ഓരോ വാക്കുകൾ ഉപയോഗിക്കുമ്പോൾ മറ്റുള്ളവർക്ക് വേദന വരല്ലെ എന്ന രീതിയിൽ നീ സംസാരിച്ചു. സാഹിത്യം കവിത, ലേഖനം എന്നിവയിലെല്ലാം ഉയർന്ന സ്ഥാനത്തിലായിരുന്നെങ്കിലും ഞങ്ങൾക്ക് മുൻപിൽ നീ എളിയവനായിരുന്നു. മറ്റുള്ളവരെ നിന്നേക്കാൾ ഉയർത്താൻ ശ്രമിച്ചു. ഇന്ന് യേശുവിന്റെ സന്നിധിയിൽ സക്രാരിക്ക് മുൻപിലിരുന്ന് പ്രാർത്ഥിക്കുമ്പോൾ യേശുവിനടുത്ത് ചിരിച്ച് കൊണ്ടിരിക്കുന്ന നിന്റെ മുഖം കണ്ട് സംതൃപ്തിയോടെ, സമാധാനത്തോടെ, സന്തോഷത്തോടെ ഞങ്ങൾ ഞങ്ങളുടെജീവിതചര്യയിലേക്ക് മടങ്ങുന്നു. ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യത്തിൽ വീണ്ടും നാം ഒന്നു ചേരാനിടവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സാബു പള്ളായി

# യാത്രാമൊഴി

ഈ വഴിയോരം ..... ഇനിയെത്ര ദൂരം
ഇതുമതിയെന്നു നിൻ ചിത്തം
ഇടറുമീ സോദര വൃന്ദം - ഇനി -
പകരുമോ സ്നേഹ സുഗന്ധം
(ഈ വഴി.......

യേശുവിനായ് നീ തെളിഞ്ഞൂ
യേശുവോടൊന്നായലിഞ്ഞു.....2
ഏകുന്നിതാ.....എൻ സ്നേഹിതാ....
പ്രിയനേശു സമ്മാനമായ്.....
സ്വർഗ്ഗീയ ജീവാമൃതം 2
(ഈ വഴി.......

തിരുനാഥനായി... ഒരു നാളിൽ വിരിയാൻ
ഒരുപോലെ നമ്മൾ വളർന്നൂ...
ഈ വാടിയിൽ നാം നിരന്നൂ... ഇതാ...
നീ മാത്രമിന്നേ കൊഴിഞ്ഞൂ
(ഈ വഴി.......

തീരാത്ത സ്നേഹം പകർന്നൂ..
മായാതെ ഉള്ളിൽ നിറഞ്ഞൂ...
നിന്നോർമ്മകൾ.....ചിരകാലവും..
ഞങ്ങൾക്കു ചൈതന്യമായ്.....
ഒരു മൗന സംഗീതമായ്......
(ഈ വഴി.......

CT Library
00096823
K92 T341

ബ്ര. ചാക്കോ പാഠം നന്നായി പഠിച്ചിരിക്കുന്നു. ഇനി നീട്ടിവായിപ്പിച്ച് സമയം കളയുന്നതെന്തിന്? (റെക്ടർ, ധർമ്മാരാം കോളേജ്)

---

*Chacko was veritably the counterpart of the Little Flower in the CMI Congregation.*

*Fr.Thomas P.Kalam,cmi*

---

Bro. Chacko was a studious, hardworking and well disciplined student of Christ College.

(Fr. Antony Kariyil, Principal.)

---

മാടപ്രാവിൻെറ ശാലീനത മുഖത്ത്, ചെമ്മരിയാടിൻെറ നിഷ്കളങ്കത പ്രസരിക്കുന്ന ഭാവം നടപ്പിലും എടുപ്പിലും, ആർദ്രത നിറഞ്ഞ പ്രശാന്തമായ പെരുമാറ്റശൈലി. ചിന്തയും ഭാവനയും സമ്മേളിക്കുന്ന കാവ്യശകലങ്ങളിലൂടെ പ്രതിഫലിക്കുന്ന തിളങ്ങുന്ന മനസ്സ് - എല്ലാം ചാക്കോയുടെ ഭാവചിത്രങ്ങൾ. (ഫാ. സെബാസ്റ്റ്യൻ തെക്കേടം, മാസ്റ്റർ)

---

Chacko was a fine young man, a good student, godly cheerful and very lovable.
(Prof. Oommen Mathew Christ College.)

---

*A beautiful flower from the garden of mortals was plucked by God to shine as a star in His Heavenly skies.And when it is his choice, He chooses nothing but the Best. Shraddanjali to a dear student, from an aggrieved teacher. (Prof. Swarnalatha, Christ College)*

---

His flowering language, poetical expression, beautiful description, firm conviction of faith realities and above all the transparency of his life were visible throught out the prayer. (Fr. John Marius cmi)

---

ശാന്തനും, ശ്രദ്ധാലുവും, സ്നേഹസമ്പന്നനും എന്ന നിലയിലെ ബ്ര.ചാക്കോയെ എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളു.

പ്രൊഫ. കെ. എബ്രാഹം ജോസ്.

BK